# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038 KERALA
PHONE 8499 8234

വാല്യം 5 | 1984 ജൂൺ 10 | ലക്കം 18


# പ്രതിബദ്ധതയുള്ള ആത്മീയ പ്രവർത്തകർ ഉണ്ടാകണം ബിഷപ്പ് മൈക്കിൾ ജോൺ

(സ്റ്റാഫ് റിപ്പോർട്ടർ)

കോട്ടയം: പ്രശ്നസങ്കീർണ്ണമായ ഇൻഡ്യൻ പശ്ചാത്തലത്തിൽ ക്രിസ്തുവിനോട് പ്രതിബദ്ധതയുള്ള ഒരുപററം ആത്മീയ പ്രവർത്തകർ ഉണ്ടായാൽ ഭാരതത്തിൽ ക്രിസ്തീയ ആദ്ധ്യാത്മികത ഉയർത്തിക്കാട്ടാൻ കഴിയുമെന്ന് പൂർവ്വ കേരള മഹായിടവക അദ്ധ്യക്ഷൻ ബിഷപ്പ് മൈക്കിൾ ജോൺ പ്രസ്താവിച്ചു.

കോട്ടയം പഴയ സെമിനാരി ഓഡിറേറാറിയത്തിൽ നടന്ന കേരളാ തിയോളജിക്കൽ സ്ററുഡൻറ്സ് കോൺഫ്രൻസിൻെറ ത്രിദിന സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മനുഷ്യനും ദൈവവുമായുള്ള ബന്ധം ദൃഢമൂലമാക്കുന്നതിന് കാഷായം ധരിച്ച് ഭസ്മവും പൂശി വനാന്തരങ്ങളിലും പർവ്വത നിരകളിലും- താഴ്വരകളിലും—തപസ്സനുഷ്ഠിക്കുന്നത് പൗരാണിക ആദ്ധ്യാത്മികതയുടെ പ്രതീകമാണ്. ആദ്ധ്യാത്മികതയിൽ എങ്ങനെയെങ്കിലും ഈ ലോകത്തിൽനിന്ന് നിത്യലോകത്തെ പ്രാപിക്കണമെന്ന അഭിവാഞ്ഛയാണ് ഭക്തന്മാക്കുള്ളത്. എന്നാൽ 'ദൈവരാജ്യം' നാം വസിക്കുന്ന സമൂഹത്തിലേക്ക് വന്ന് സ്നേഹവും നീതിയും സന്തോഷവും സമാധാനവും പൂർണ്ണമാകുമ്പോൾ മാത്രമെ ആദ്ധ്യാത്മികതയ്ക്ക് ഫലപ്രദമായ ഫലം സിദ്ധിക്കുയെന്ന് ബിഷപ്പ് തുടർന്ന് അഭിപ്രായപ്പെട്ടു.

യേശുക്രിസ്തുവിൻെറ മനുഷ്യാവതാരം സർവ്വജനതയ്ക്കും ആദ്ധ്യാത്മികത പകർന്നു കൊടുക്കുന്നതിനുവേണ്ടി പങ്കുവെച്ചതിനാൽ ക്രൈസ്തവർ തങ്ങളുടെ സമ്പത്തും സ്നേഹവും മററുള്ളവർക്കുവേണ്ടി പങ്കുവെയ്ക്കുന്നതിനുള്ള മനഃസ്ഥിതി വളർത്തിയെടുക്കണമെന്ന് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പ്രസ്താവിച്ചു. സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ദൈവാഭിമുഖ്യത്തിൽ നിന്നും ആത്മീയ ശക്തിയാർജ്ജിച്ചവർ സാമൂഹ്യ പ്രതിബദ്ധതയുള്ളവരായി സമൂഹത്തെ സേവിക്കാൻ സന്നദ്ധരാകണമെന്ന് അദ്ദേഹം പറഞ്ഞു. സമ്മേളനത്തിൽ പ്രതിനിധികളെ സ്വാഗതം ചെയ്തുകൊണ്ട് വൈദിക സെമിനാരി വൈസ് പ്രിൻസിപ്പാൾ ഫാ. ടി. ജെ. ജോഷ്വാ സംസാരിച്ചു. സി. ജോൺ നന്ദിയും പറഞ്ഞു.

'ക്രിസ്തീയ ആദ്ധ്യാത്മികതയുടെ അടിസ്ഥാനം'

'ആദ്ധ്യാത്മികതയുടെ വെല്ലുവിളികൾ' എന്നീ വിഷയത്തെക്കുറിച്ച് നടന്ന സെമിനാറിൽ റവ. പ്രകാശ് കെ. ജോർജ്ജ് ഫാ. ഒ. തോമസ്; റവ ഡോ. എം.ജെ. ജോസഫ് എന്നിവർ മോഡറേറററായിരുന്നു ഫെലിക്സ് മാത്യു, ചാർലി ജോൺസ്, ഡീ എം. സി. പൗലൂസ് എന്നിവർ പ്രബന്ധം അവതരിപ്പിച്ചു.

ഫാ. ടി. ജെ. ജോഷ്വാ, റവ പ്രകാശ് കെ. ജോർജ്ജ് എന്നിവർ ബൈബിൾ ക്ലാസ്സെടുത്തു. 'ക്രിസ്തീയ ആദ്ധ്യാത്മിക ഇൻഡ്യൻ പശ്ചാത്തലത്തിൽ' എന്ന ചിന്താവിഷയത്തെ അടിസ്ഥാനമാക്കി നടന്ന കോൺഫ്രൻസിൽ വിവിധ സെമിനാരികളെ പ്രതിനിധീകരിച്ച് 100-ൽ പരം പ്രതിനിധികൾ പങ്കെടുത്തു.

റവ. ഡോ. ജേക്കബ് കുര്യൻ, റവ. ഡോ എം. എ. മത്തായി, റവ. പി. എസ്. ഡാനിയേൽ, ഡീ. കുര്യൻതോമസ്, ഡീ. സൈമൺ സഖറിയ, സി. ജോൺ, ജേറിദാസ് എന്നിവർ സമ്മേളനത്തിനു നേതൃത്വം നല്കി.

കേരളാ തിയോളജിക്കൽ അസോസിയേഷൻെറ പുതിയ ഭാരവാഹികളായി ജോൺസൺ ഫിലിപ്പ് (ജനറൽ സെക്രട്ടറി) വെൽവെററ് ജോർജ്ജ്; വർക്കിവർഗ്ഗീസ് (ജോ. സെക്രട്ടറിമാർ) ജീജി ജോസഫ്, ജോർജ് എബ്രഹാം (ഓഡിററന്മാർ) എന്നിവരെ തിരഞ്ഞെടുത്തു അസോസിയേഷൻെറ അടുത്ത കോൺഫ്രൻസ് 1989 മെയ് അവസാന വാരം മാർത്തോമ്മാ സെമിനാരിയിൽവെച്ചു നടത്തുന്നതാണ്.

# അന്ധമായ അനുകരണം ആപത്ത്: മാർ യൗസേബിയോസ്

(സ്റ്റാഫ് റിപ്പോർട്ടർ)

അട്ടമ്പാക്കൽ: അധ്നമായ പാശ്ചാത്യ അനുകരണം ഗുണത്തേക്കാളേറെ ദോഷം വരുത്തുമെന്നും അത് നമ്മുടെ നാടിനെ മറെറാരു ദൂഷിച്ച പാരമ്പര്യത്തിലേക്ക് വലിച്ചിഴയ്ക്കുമെന്നും തുമ്പമൺ ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഫിലിപ്പോസ് മാർ യൗസേബിയോസ് പ്രസ്താവിച്ചു.

ഓർത്തഡോക്സ് യുവജന പ്രസ്ഥാനം തുമ്പമൺ ഭദ്രാസന വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്തു.

ഫാ. ദാനിയേൽ എൻ. വറുഗീസ്, ഫാ. ഒ. തോമസ്, ഡീക്കൻ ഒ. പി. വറുഗീസ് എന്നിവർ പ്രസംഗിച്ചു. ഫാ. ജോൺ ശങ്കരത്തിൽ സ്വാഗതവും ഇ. എം. ബേബി നന്ദിയും പറഞ്ഞു.

പ്രതിനിധി സമ്മേളനത്തിൽ ഡീ മാത്യൂസ് ക്ലാസെടുത്തു. രാവിലെ മാർ യൗസേബിയോസ് മെത്രാപ്പോലീത്താ വി. കുർബാന അർപ്പിച്ചു. ഫാ. ജോൺ ശങ്കരത്തിൽ പതാക ഉയർത്തി.

# പെങ്ങാമുക്ക് സംഭവം: സംരക്ഷണ സമിതി രൂപീകരിച്ചു

പഴഞ്ഞി: പ: കാതോലിക്കാബാവാ തിരുമനസിലെ പ്രത്യേക നിർദ്ദേശപ്രകാരം കുന്നംകുളം ഭദ്രാസനത്തിലെ വൈദികരുടേയും ഇടവക ഭരണസമിതി അംഗങ്ങളുടേയും ഒരു വിശേഷാൽ യോഗം പഴഞ്ഞി സെൻറ് മേരീസ് പള്ളിയിൽ സമ്മേളിക്കയും, പെങ്ങാമുക്ക് പള്ളി കയ്യേററത്തിൽ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു. ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷം വഹിച്ച പ്രസ്തുത സമ്മേളനത്തിൽ കുന്നംകുളം ഭദ്രാസനത്തിൻെറ പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായും സന്നിഹിതനായിരുന്നു. പെങ്ങാമുക്ക് പള്ളിസംരക്ഷണത്തിന് അതത് സമയത്ത് യോഗ്യമായ നടപടികൾ കൈക്കൊള്ളുവാൻ ഒരു സംരക്ഷണ സമിതിക്ക് സമ്മേളനം രൂപം നല്കി. പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായുള്ള ഈ സമിതിയുടെ സെക്രട്ടറിയായി ഫാ: കെ. സി. ജോസഫിനേയും കൺവീനർ ആയി പി. വി. ജോബിനേയും തിരഞ്ഞെടുത്തു. എല്ലാ പള്ളികളിലേയും വികാരി, ട്രസ്റ്റി, സെക്രട്ടറി എന്നിവർ ഈ കമ്മററിയിൽ അംഗങ്ങളായിരിക്കും.

# സോഷ്യലിസവും ക്രിസ്തുമതവും സോവിയററ് യൂണിയനിൽ

മിഖയിൽ ഗോർ വച്ചേവ് റഷ്യൻ ഓർത്തഡോക്സ് സഭാ മേധാവിയായ പാത്രിയാർക് പീമനെ സ്വീകരിക്കുന്നു. സ്റ്റാലിൻെറ കാലത്ത് നിരവധി ക്രിസ്തീയ പുരോഹിതന്മാരെ പീഡിപ്പിച്ചതിനെ പത്രങ്ങൾ വിമർശിക്കുന്നു. മോസ്ക്കോ ടെലിവിഷൻ ഈസ്റ്റർ രാത്രിയിലെ മതചടങ്ങുകൾ പ്രക്ഷേപണം ചെയ്യുന്നു. എന്താണ് ഇതിൻെറയൊക്കെ അർത്ഥം?

റഷ്യ ദൈവത്തിങ്കലേക്ക് തിരിച്ചു പോകുന്നതിൻെറ സൂചനയാണോ? മാർക്സിസത്തിൽനിന്നുള്ള വ്യതിചലനമാണോ? ദൈവവിശ്വാസത്തോടുള്ള കമ്മ്യൂണിസ്ററു പാർട്ടിയുടെ സമീപനം തിരുത്തുന്നതാണോ? അതല്ല ചിലർ പറയുന്നതുപോലെ യാഥാർത്ഥ്യത്തിനുമേലുള്ള ഒരു വെള്ളപൂശലാണോ? സോവിയററ് സമുദായത്തിൽ അസ്വസ്ഥകരമായ സഹവർത്തനത്തിൻെറ അവസ്ഥയിൽ കഴിഞ്ഞുവന്ന രണ്ട് ലോകങ്ങൾ തമ്മിലുള്ള ബന്ധം സാധാരണ നിലയിലായി വരികയാണ്.

റഷ്യൻ കമ്മ്യൂണിസ്ററുകാർ പ്രഖ്യാപിച്ച ആദർശങ്ങൾ- നീതി, സ്വാതന്ത്ര്യം, സമത്വം എന്നിവ- ക്രിസ്ത്യാനികളുടെ അഭിലാഷത്തിനൊത്തതാണെന്നുകൂടി ഓർക്കേണ്ടതുണ്ട്.

ദൈവ വിശ്വാസികളുടെ സംഘടനയ്ക്ക് ഇന്ന് സോവിയററ് സമുദായത്തിൽ നടക്കുന്ന പ്രക്രിയയിൽനിന്ന് മാറി നിൽക്കാൻ കഴിയില്ല. സാധാരണ വിശ്വാസികളെന്നല്ല, മഹാ ഭൂരിപക്ഷം പുരോഹിതന്മാരും പെരെസ്ത്രോയിക്കയെ സർവ്വാത്മനാ പിൻതാങ്ങുന്നു. ഗ്ലാസ്നോസ്റ്റ് പള്ളിയുടെ സാധ്യതകൾ കാര്യമായി വിപുലപ്പെടുത്തിയിട്ടുണ്ട്. സോവിയററ് യൂണിയനിൽ ഒരു മതപത്രം പ്രസിദ്ധീകരിക്കപ്പെടുന്നതിലൊ അല്ലെങ്കിൽ വിശ്വാസികളുടെ സഹകരണ സംഘമൊ സംഘടനകളൊ സ്ഥാപിക്കുന്നതിലൊ, പള്ളിയെ ധർമ്മപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അനുവദിക്കുന്നതിലൊ യാതൊന്നുംതന്നെ ഭയപ്പെടാനില്ലെന്നാണ് മതകാര്യ ബോർഡ് ചെയർമാൻ പറയുന്നത്.

മനുഷ്യനും അവൻെറ മുൻകൈ പ്രവർത്തനത്തിനും നാം കൂടുതൽ ശ്രദ്ധകൊടുക്കുമ്പോൾ മനുഷ്യത്വം, സ്നേഹം, ദാനധർമ്മം, സദാചാരപരമായി സ്വയം ഉയരൽ എന്നിങ്ങനെയുള്ള ആദർശങ്ങളെക്കുറിച്ച് നാം കൂടുതൽ സംസാരിച്ചുവരും. ക്രിസ്ത്യാനികളുടെയും കമ്മ്യൂണിസ്റ്റുകാരുടെയും പൊതുവായ ആദർശങ്ങളാണിവ. തങ്ങളിൽനിന്ന് വ്യത്യസ്തമായി ചിന്തിക്കുന്നവരുമായുള്ള ബന്ധത്തിൽ സോവിയററ് ഗവൺമെൻററ് ക്ഷമ ശീലിച്ചുവരികയാണ്. മതവിശ്വാസികളും പുരോഹിതന്മാരും പറയുന്നത് കൂടുതൽ ആദരവോടെ കേട്ടുവരികയുമാണ്. മാത്രമല്ല, അഭിപ്രായ സ്വാതന്ത്ര്യം സംബന്ധിച്ച, മതസംഘടന

(ശേഷം 6-ാംപേജിൽ)

ചില സാങ്കേതിക കാരണങ്ങളാൽ അടുത്തലക്കം ഹെറാൾഡ് ഉണ്ടായിരിക്കുന്നതല്ല.

—പത്രാധിപർ

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

വാല്യം 5 1988 ജൂൺ 10 ലക്കം 18

## പൊള്ളയായ അവകാശവാദങ്ങൾ

ശാസ്ത്രത്തിന്റെയും സങ്കേതികവിദ്യയുടെയും മുന്നേററംമൂലം ചില മനുഷ്യർ മനുഷ്യന്റെ കഴിവിനെയും നേട്ടങ്ങളെയും കുറിച്ച് അമിതമായി പ്രശംസിക്കാറുണ്ട്. . മനുഷ്യൻ പ്രായപൂർത്തി എത്തിയിരിക്കുന്നു. മിക്കവാറും കാര്യങ്ങൾ അവന്റെ പിടിയിലൊതുങ്ങും എന്നതാണ് അവകാശവാദത്തിന്റെ ഒരു മുഖം. 'ജീവൻ കൃത്രിമമായി നിർമ്മിക്കാൻ കഴിയുമോ? എന്നുവരെ പരിശോധിക്കപ്പെടുന്നുണ്ട്. പരീക്ഷണങ്ങളും വിജയങ്ങളും വർദ്ധിക്കുംതോറും അവകാശവാദങ്ങളും ആത്മപ്രശംസയും വർദ്ധിച്ചുവരുന്നുണ്ട്. ശാസ്ത്രജ്ഞന്മാരിൽ അഗണ്യമല്ലാത്ത ഒരു വിഭാഗം ശാസ്ത്രസങ്കേതങ്ങളുടെ അപര്യാപ്തതകളെയും പരിമിതികളെയും അതു് വികലമായി കൈകാര്യം ചെയ്യുന്നതുമൂലമുണ്ടാകാവുന്ന അത്യാപത്തിനെയുംപററി ബോധവാന്മാരാണ് എന്നതു് ഒരാശ്വാസംതന്നെ.

മനുഷ്യൻ ദാനം നൽകുന്നതു് തന്റെ 'സ്വന്തം' വകകളുടെ ഒരംശം എന്ന നിലയിലല്ലേ? മതപരമായ കാര്യങ്ങൾക്കും ദീനസേവനപരമായ രംഗങ്ങളിലും സംഭാവനകൾ നൽകുന്നതും അങ്ങനെതന്നെ. 'ദൈവത്തിനു പണം ആവശ്യമില്ലല്ലോ' എന്ന വാദം ഒരർത്ഥത്തിൽ ശരിതന്നെ. ഈ വാദഗതി ഉപയോഗിച്ചാണ് പലരും പല നല്ലകാര്യങ്ങൾക്കും സംഭാവനകൾ നൽകാത്തതു് എന്നതാണ് ആശ്ചര്യകരം. ദൈവത്തിനു പണമാവശ്യമില്ല; ദൈവത്തിന്റെ ദാരിദ്ര്യം നീക്കി ധനവാനാക്കാൻ ആരും 'നേർച്ച' നൽകേണ്ടതുമില്ല.

മനുഷ്യനു സ്വന്തമായി ചിലതെല്ലാം ഉണ്ടെന്നും; അവൻ പല കാര്യങ്ങൾക്കും സ്വതവേ പ്രാപ്തനാണെന്നുമുള്ള തെററായ ചിന്താഗതിയാണ് ഇവയുടെയെല്ലാം പിന്നിലുള്ളതു്. യാഗം കഴിക്കാൻ പോകുന്നവൻ തന്റെ കാളയേയോ ആടിനെയോ ദൈവത്തിനു കൊടുക്കാൻ പോവുകയല്ല ദൈവത്തിൽനിന്നും ലഭിച്ചിട്ടുള്ളതും ലഭിക്കുന്നതുമായ സകല ദാനങ്ങൾക്കും നന്ദി പ്രകടിപ്പിക്കുന്നതിനുള്ള ഒരു മുഖാന്തിരമാണ് ബലിസമർപ്പണം. ഒപ്പം ഉന്നതമായ നിലയിൽ തന്നെത്തന്നെ ദൈവത്തിനു കാഴ്ചയായി സമർപ്പിച്ച്, അടിമപ്പെട്ട്, തന്റെ നിയന്ത്രണത്തിനു വിധേയമാക്കിക്കൊടുക്കുന്നതിന്റെ പ്രതീകംകൂടിയാണതു്. ആടിനെയോ കാളയേയോ 'കൈമടക്കായി' കൊടുത്തു് കാര്യം സാധിക്കാൻ ദൈവം ഇന്നത്തെ നേതാക്കന്മാരെപ്പോലെയുള്ളയാളല്ല. അവിടുന്ന് സ്തോത്രമെന്ന യാഗമാണ് പ്രഥമമായി ആവശ്യപ്പെടുന്നതു്. ലഭിച്ചതിനു് നന്ദി പറയുന്നതു് സ്വാഭാവികം മാത്രം.

## ധ്യാനപീഠം

പക്ഷെ, ദൈവത്തിൽനിന്നു ലഭിച്ച അനേക അനുഗ്രഹങ്ങളിൽനിന്നും ഒരംശം എടുത്തു് നന്ദിസൂചകമായി തനിക്കു സമർപ്പിക്കുന്നതു് സന്തോഷത്തോടെയാവണം. എല്ലാം ദൈവത്തിന്റെ വകയാണ്; മനുഷ്യനും പ്രകൃതിയും എല്ലാ ജീവജാലങ്ങളും അനന്തപ്രപഞ്ചവും തന്റെ സൃഷ്ടിയാണ്. തന്നിൽനിന്നകന്നു് ഒന്നിനും നിലനില്പില്ല യഥാർത്ഥ ശാസ്ത്രജ്ഞനെ വിനയാന്വിതനാക്കുന്ന അറിവാണിതു്. ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തിന്റെ ഒരു കോണിൽ, ദൈവദത്തമായ ബുദ്ധി ഉപയോഗിച്ച് പ്രപഞ്ചരഹസ്യങ്ങളുടെ വിശാലതയിൽനിന്നും അല്പാല്പം മനസ്സിലാക്കാനുള്ള ശ്രമം എത്ര വിനയപൂർവമാകണം! ഒത്തിരി അറിഞ്ഞിട്ടും ഇനിയും വളരെ അറിയാനുണ്ടെന്ന സ്ഥിതി അത്യുന്നതന്മാരായ ശാസ്ത്രജ്ഞന്മാരാരും ശാസ്ത്ര-സാങ്കേതികവിദ്യകളിലെ നേട്ടങ്ങളെപ്പററി അഹങ്കരിക്കാറില്ല. അല്പം അറിവ് അപകടത്തിലാക്കുന്നതു് അപരിപൂർണ്ണരായ ശാസ്ത്രജ്ഞന്മാരെയും, അവർ ശാസ്ത്രത്തെ അപകടമായി കൈകാര്യംചെയ്യുന്നതുമൂലം അതിന്റെ ദോഷഫലങ്ങൾ അനുഭവിക്കേണ്ടിവരുന്ന മനുഷ്യരെയുമാണ്.

ലോകത്തിൽ മനുഷ്യനു് ഒന്നും സ്വന്തമെന്നു് അവകാശപ്പെടാനില്ല.

എല്ലാം ദൈവത്തിന്റെ വകയാണെന്നു ധരിച്ചുകഴിഞ്ഞാൽ സ്വാർത്ഥത അപ്പാടെ അസ്തമിക്കും. അസൂയയും പരദൂഷണവും, കുതികാൽവെട്ടും, കക്ഷിപിടുത്തവും, അയഞ്ഞ ജീവിതവും വിനയമെന്ന സുകൃതത്തിനുകീഴിൽ അമരും.

**പ്രാർത്ഥന:** ദൈവമേ അവിടുന്നു ഞങ്ങൾക്കു നൽകുന്ന ജീവിതസാഹചര്യങ്ങളിൽ പരാതിയോ, അഹംഭാവമോ കൂടാതെ, അവിടത്തേക്കു് നിത്യവും നന്ദിപറഞ്ഞുകൊണ്ടു് വിനയശീലനായി ഞങ്ങൾ ജീവിക്കട്ടെ. നിന്റെ കരുണാർദ്രമായ സ്നേഹം മാത്രമാണ് ഞങ്ങളുടെ ആശ്രയവും അവകാശവും.

**ചിന്താവിഷയം:** സങ്കീ 50:10-11 'കാട്ടിലെ സകല മൃഗവും, പർവ്വതങ്ങളിലെ ആയിരമായിരം ജന്തുക്കളും എനിക്കുള്ളവയാകുന്നു. മലകളിലെ പക്ഷികളെ ഒക്കെയും ഞാൻ അറിയുന്നു, വയലിലെ ജന്തുക്കളും എനിക്കുള്ളവതന്നെ.'

ഫാ: ജേക്കബ് ചെറിയാൻ

## വനിതാവേദി

# ഈ കല്ല് ആരു് ഉരുട്ടി മാററും

**സഭകളുടെ ലോക കൗൺസിലിന്റെ വനിതാദശകം സംബന്ധിച്ച ഉപസമിതി മഹാബലിപുരത്തു സമ്മേളിച്ച് അംഗീകരിച്ച സന്ദേശമാണ് ചുവടെ ചേർക്കുന്നതു്:**

ശാബത്ത് കഴിഞ്ഞപ്പോൾ മഗ്ദലക്കാരി മറിയാമും യാക്കോബിന്റെ അമ്മ മറിയമും സലോമിയും അവനെ തൈലം പൂശാനായി സുഗന്ധദ്രവ്യങ്ങൾ വാങ്ങി. ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ സൂര്യൻ ഉദിച്ചപ്പോൾത്തന്നെ കല്ലറയിലേക്കു് അവർ ചെന്നു. അവർ പരസ്പരം ചോദിച്ചു: 'കല്ലറയുടെ വാതിൽക്കൽനിന്നു നമുക്കുവേണ്ടി കല്ല് ആരു' ഉരുട്ടിമാററിത്തരും?

സ്നേഹപൂർവമുള്ള ഒരു നടപടിക്കായി ഇറങ്ങിത്തിരിച്ചപ്പോഴാണ് വിശ്വാസം മുററിയ ഈ സ്ത്രീകൾ കല്ലിന്റെ കാര്യം ഓർമിച്ചതു്. തങ്ങളുടെ രക്ഷകന്റെ സവിധം എത്തിച്ചേരുന്നതിനു മുമ്പ് കൈകാര്യം ചെയ്യേണ്ട ഒരു തടസ്സം. ആരു കല്ല് ഉരുട്ടി മാററും?— അവർ തമ്മിൽത്തമ്മിൽ ചോദിച്ചു.

എന്നാൽ അവർ തലയുയർത്തി നോക്കിയപ്പോൾ കല്ലറക്കല്ല് ഉരുട്ടി മാററിയിരിക്കുന്നതായി അവർ കണ്ടു. അവർ അത്ഭുതപരതന്ത്രരായി. എങ്കിലും കല്ലറയ്ക്കകത്തു കടന്നു് അന്വേഷണം നടത്താൻ അവർ തന്റേടം കാണിച്ചു കല്ലറയ്ക്കകം ശൂന്യം. മാലാഖ അവരോടു പറഞ്ഞു: നിങ്ങൾ ആശ്ചര്യപ്പെടേണ്ട. ക്രൂശിക്കപ്പെട്ട നസറായനായ യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു. അവൻ ഇവിടെയില്ല. അവൻ ഉയിർത്തെഴുന്നേററു. അവർ അവനെ കിടത്തിയിരുന്ന സ്ഥലം കാണുക. നിങ്ങൾചെന്നു് അവന്റെ ശിഷ്യന്മാരോടു പറയുക... ...

ഈ സംവത്സരത്തിലെ ഈസ്ററർകാലത്തു സ്ത്രീകളോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടു് സഭകൾവിശ്വാസത്തിൽ ഒരു യാത്ര ആരംഭിക്കുന്നു. പല കല്ലുകളെ നാം അഭിമുഖീകരിക്കും— ജീവിക്കുന്ന ചൈതന്യമുള്ള ഒരു നവീനസമൂഹമായി നാം തീരുന്നതിനു വഴിയിൽനിന്നു് ഉരുട്ടി മാറേറണ്ടിവരുന്ന തടസ്സങ്ങൾ ഇന്നു നാം തമ്മിൽത്തമ്മിൽ ചോദിക്കുന്നു: 'ആരു് നമ്മുടെ വഴിയിലുള്ള ഈ കല്ല് ഉരുട്ടിമാററും?'

സഭയിലും സമൂഹത്തിലും സ്ത്രീകളുടെ സർഗാത്മകവും ആത്മീയവും ദൈവശാസ്ത്രപരവും തീരുമാനമെടുക്കാൻ സഹായകവുമായ സംഭാവനകളെ വിലങ്ങടിച്ചു നിൽക്കുന്ന ആചാരങ്ങളും പഠിപ്പിക്കലും ഇന്നു സഭകളിൽ നിലവിലുണ്ട്. സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള പങ്കാളിത്തത്തെ തടസ്സപ്പെടുത്തുന്ന ഘടനകളും മാതൃകകളും നേതൃത്വത്തിലും പട്ടത്വക്രമത്തിലും ദൃശ്യമാണ്. നാം നമ്മോടുതന്നെ ചോദിക്കുന്നു:'ഈ കല്ല് ആരു് ഉരുട്ടിമാററും?'

പട്ടിണി, സാമ്പത്തികാനീതി, വർഗീയത, ജാതിവ്യവസ്ഥ, സൈനീക സജ്ജീകരണം, ഭൂവുടമയുടെയും ന്യൂനപക്ഷാവകാശത്തിന്റെയും നിഷേധം, ഇതിന്റെയെല്ലാം ദൂഷ്യഫലങ്ങൾ ഏററവും രൂക്ഷമായി അനുഭവിക്കുന്നതു അധികപങ്കും സ്ത്രീകളാണെന്ന വസ്തുത സഭയായി നാം മനസ്സിലാക്കിയിരിക്കണം സ്ത്രീകളാണ് ദരിദ്രരിൽ ദരിദ്രർ. ഭക്ഷണവും വിദ്യാഭ്യാസവും കൂലി ലഭിക്കുന്ന തൊഴിലും അവർക്കു വളരെ പരിമിതമായേ ലഭിക്കു. വേശ്യകളാകാൻ ഹേമിക്കുന്ന പലതരം അക്രമങ്ങളുടെ ഇരയും സ്ത്രീകൾതന്നെ. ലോകമൊട്ടുക്കുള്ള സ്ത്രീകൾ ചോദിക്കുന്നു 'ഈ കല്ല് ആരു ഉരുട്ടി മാററിത്തരും?'

ആളുകളെ മർദ്ദിക്കുന്ന പ്രതിമാരാധനയിൽനിന്നും അധികാരഘടനകളിൽനിന്നും സഭയെന്ന നിലയിൽ നാംവിമുക്തരല്ല ഭൂമിയെ സംബന്ധിച്ച ദൈവോദ്ദേശ്യങ്ങളെ തകർക്കുന്ന തടസ്സങ്ങൾ സൃഷ്ടിക്കുന്നതും ന്യായീകരിക്കുന്നതും വഴിയായി നാം പാപം ചെയ്യുന്നുവെന്ന വസ്തുത നാം മിക്കപ്പോഴും തുറന്നു സമ്മതിക്കാറില്ല.

ആഗോളസമൂഹത്തിലും നമ്മുടെ രാജ്യത്തിലും നമ്മുടെ സഭയിലും നിലവിലുള്ള മർദ്ദക ഘടനകളെ വെല്ലുവിളിക്കാൻ നാം നമ്മുടെ വനിതകൾക്കു ശക്തി പകരുന്നില്ല. സ്ത്രീകളും പുരുഷന്മാരുമായ നാം അനുതപിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഒന്നിച്ചുനിന്നു നാം ഉറച്ച സ്വരത്തിൽ പറയണം: 'ഞങ്ങൾ ആ കല്ല് ഉരുട്ടി മാററും.'

മുറിവേററ ലോകത്തിൽ നീതിക്കും സമാധാനത്തിനും സൃഷ്ടിയുടെ സമ്പൂർണ്ണതയ്ക്കും വേണ്ടിയുള്ള പോരാട്ടത്തിൽ സ്ത്രീകളുടെ ദർശനവും പ്രതി

(ശേഷം 4-ാം പേജിൽ)

## ധ്യാനവേദി — ഒൻപതു്

## ക്രിസ്താനുകരണം

തോമസ് എ. കെംപിസ്

### സൗഖ്യമില്ലാതെ കർമ്മം ചെയ്യുന്നതിനെപ്പററി

സ്വർഗ്ഗീയ പ്രസാദത്തിന്റെ പ്രത്യാശയിലോ, ദൈവമഹാകൃപയിലോ അല്ലാതെ മറെറാന്നിലും ആശകളെ വിശ്രമിപ്പിക്കാനോ വിശ്വാസത്തെ സമർപ്പിക്കാനോ എനിക്കു സാദ്ധ്യമല്ല. എനിക്കു ചുററും നല്ല മനുഷ്യരും ഭക്തസഹോദരന്മാരും വിശ്വസ്തസുഹൃത്തുക്കളും വിശുദ്ധ പുസ്തകങ്ങളും ഒന്നാന്തരം പ്രബന്ധങ്ങളും മധുരജപങ്ങളും സ്തോത്രഗീതങ്ങളും എല്ലാം ഉണ്ടായിരുന്നാലും ദൈവപ്രസാദത്താൽ ഉപേക്ഷിതനായി എന്റെ സ്വന്തം ദാരിദ്ര്യത്തിനായി വിട്ടുകൊടുക്കപ്പെടുകയാണെങ്കിൽ, ഇവകൊണ്ടൊന്നും ഒരു ചെറുസഹായംപോലും എനിക്കില്ല; ഇവയൊന്നും ചെറുസന്തോഷംപോലും എനിക്കു് തരികയില്ല. അതുകൊണ്ടു് ദൈവഹിതമനുസരിച്ചുള്ള ആത്മനിഷേധവും ക്ഷമയും അല്ലാതെ മററു നല്ല ചികിത്സ ഒന്നുമില്ല.

ഭക്തി കുറയുകയും ദൈവപ്രസാദം പിൻവലിക്കപ്പെടുകയും ചെയ്യാത്തവിധം ഭക്തനും മതനിരതനും ആയ ആരേയും തന്നെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല. മുൻപോ പിൻപോ പ്രലോഭിതനാകാതെ ബോധിയാൽ പ്രദീപ്തനും സ്വർഗ്ഗത്തോടു് ആബദ്ധനുമായ ഒരു വിശുദ്ധനുമില്ല. എന്തെങ്കിലും വിചാരണയാൽ ദൈവത്തിന്റെ പേരിൽ ഒരുവൻ പരീക്ഷിക്കപ്പെടുന്നില്ലെങ്കിൽ ദൈവത്തെക്കുറിച്ചുള്ള ഉദാത്തമായ ധ്യാനത്തിനു് അവൻ അർഹനാകുന്നില്ല. ആഗാമിയായ സുഖത്തിന്റെ ചിഹ്നമാകുന്നു പലപ്പോഴും പ്രലോഭനം. എന്തെന്നാൽ പ്രലോഭനത്തിൽ പരീക്ഷിക്കപ്പെടുന്നവർക്കാണ് സ്വർഗ്ഗത്തിന്റെ സൗഖ്യം വാഗ്ദാനം ചെയ്യപ്പെടുക. ''ആരാണ് വിജയം നേടുന്നതു്?' അവൻ പറയുന്നു. ''ജീവന്റെ വൃക്ഷത്തിൽനിന്നു് ഞാൻ അവനു് ഫലം നല്കും.'' നേരെമറിച്ച് പ്രാതികൂല്യത്തെ വഹിക്കുവാൻ ശക്തനാകത്തക്കവണ്ണം ഒരു മനുഷ്യൻ ദൈവീക സൗഖ്യം നൽകപ്പെടുന്നു അതിനെ പ്രലോഭനം പിൻതുടരും; നന്മനിറഞ്ഞ പാരിതോഷികം അവനെ ഉദ്ധതനാക്കാതിരിക്കാൻ വേണ്ടി സാത്താൻ ഒരിക്കലും ഉറങ്ങാൻ പോകുന്നില്ല; മാത്രമല്ല അവന്റെ പഴയ സ്വഭാവം ഇനിയും മരിച്ചിട്ടുമില്ല. അതുകൊണ്ട് പോരാടാൻ സജ്ജമാക്കുന്നതിൽനിന്നു് നിങ്ങൾ പിൻമാററുതു്; എന്തെന്നാൽ ഒരിക്കലും വിശ്രമിക്കാത്ത ഒരു ശത്രു നിങ്ങളെ ഇടത്തും വലത്തും വലയം ചെയ്യുന്നു.

വിവ: പ്രൊഫ: കെ. വി. തമ്പി




## ഇരുപത്തിനാല്

കിടക്കാറായപ്പോരം, നേരത്തെ അനിയൻകുഞ്ഞു ചോദിച്ച ചോദ്യം പിന്നെയും ഉയർന്നു.

'കുഞ്ഞിച്ചായൻ എവിടെയാ കിടക്കുന്നതു്?'

ആനിയാണ് ചോദിക്കുന്നതു്.

അനിയൻകുഞ്ഞിൻെറ ഭാര്യ പെട്ടെന്നു് അതിനു മറുപടി കണ്ടെത്തി.

'കുഞ്ഞിച്ചായനെ വീട്ടിൽ കൊണ്ടുപോയി കിടത്താനാ പിള്ളേരുടെ അച്ചായൻ പറഞ്ഞേച്ചുപോയതു്.'

'എങ്കിൽ അതാ നല്ലതു്.'

ആനി പെട്ടെന്നു് അനിയൻകുഞ്ഞിൻെറ മക്കളെ വിളിച്ചു.

'എടാ പിള്ളേരെ, നിങ്ങളു് അപ്പച്ചനെ കൂട്ടിച്ചോണ്ടു് വീട്ടിലോട്ടു പോ!'

അനിയൻകുഞ്ഞിൻെറ മൂത്ത മകൻ ഒരു ടോർച്ചും സംഘടിപ്പിച്ചു് മെല്ലെ അടുത്തുവന്നു വിളിച്ചപ്പോഴാണു് ഡോക്ടർ വിവരം അറിയുന്നതു്.

'ഇന്നു് ഒരു ദിവസത്തേക്കല്ലേ. വേണ്ടാടാ. നീ ഒരു പായും തലയിണയും ഇങ്ങുകൊണ്ടുവാ. ഞാനിവിടെ ഈ തിണ്ണയിൽ കിടന്നോളാം.'

അദ്ദേഹം പറഞ്ഞു.

തിണ്ണയിൽ ചുമരിൻെറ അരികിൽ പായ് വിരിച്ചു് ഡോക്ടർ കിടന്നു.

അകത്തു് എല്ലാവരും കിടന്നു കഴിഞ്ഞെന്നുതോന്നുന്നു. വിളക്കുകരം അണഞ്ഞിരിക്കുന്നു. ആരുടെയും സംസാരം കേരംക്കുന്നില്ല. ആരൊക്കെയോ കൂക്കം വലിക്കുന്നു. ഇടയ്ക്കു് കുട്ടികളിലാരോ ഉറക്കത്തിൽ സംസാരിക്കുന്നതു കേട്ടു.

മുററത്തെ മരച്ചില്ലയിൽ ഇരുന്നു് ഒരു മൂങ്ങാ മൂളി. അതു കേട്ടാവണം പട്ടി കുരയ്ക്കുന്നു.

തലയിണയുടെമേൽ പരത്തിവച്ച കൈത്തലത്തിൽ തലവച്ചു് ഇരുട്ടിൽ കണ്ണുതുറന്നു കിടക്കുമ്പോരം ഡോക്ടർ ഓർക്കുകയായിരുന്നു.

തൻെറ അരികിൽ കിടക്കാൻ അച്ചൻകുഞ്ഞും അനിയൻകുഞ്ഞു തമ്മിൽ എന്നും വഴക്കുപിടിക്കുമായിരുന്നു. രണ്ടുപേരെയും ഇടത്തും വലത്തുമായി കിടത്താമെന്നുവെച്ചാൽ അവിടെയും തർക്കമാണു്. അപ്പോരം രണ്ടുപേർക്കും ഭിത്തിയുടെ അരികിൽതന്നെ കിടക്കണം. എന്നാൽ ഒരാരം തൻെറ കൂടെ പോന്നോളൂ. ഇവിടെ കിടക്കാമെന്നു തങ്കമ്മ വിളിച്ചാൽ അവളുടെകൂടെ പോകാൻ ആരും കൂട്ടാക്കുകയില്ല.

അനിയൻകുഞ്ഞിനു് മററൊരാവശ്യംകൂടി ഉണ്ടായിരുന്നു. അവനു് എന്നും കഥകേരംക്കണം. കഥയെന്നുവച്ചാൽ നല്ല മനുഷ്യരുടെ കഥ. അല്ലെങ്കിൽ രാജാവിൻെറയും മന്ത്രിയുടെയും രാജകുമാരൻെറയും മന്ത്രികുമാരൻെറയും ഒക്കെ കഥ. തീതുപ്പുന്ന യക്ഷിയുടെയും, താടിയും ജടയും ദംഷ്ട്രവുമുള്ള രാക്ഷസൻെറയും കഥ പറയാൻ തുടങ്ങിയാലുടനെ ഇരുട്ടത്താണെങ്കിലും അവൻ കണ്ണുപൊത്തികളെയും!

'അയ്യോ പേടിവരുന്നു!' എന്നുപറഞ്ഞു് കഴുത്തിൽ ഇറുക്കെ കെട്ടിപ്പിടിക്കുകയും ചെയ്യും. അതുകാരണം മിക്കപ്പോഴും 'ഒരിടത്തൊരു യക്ഷി ഉണ്ടായിരുന്നു.' എന്ന കഥയാണു് പറഞ്ഞു തുടങ്ങുക. അപ്പോരം അവൻ ചോദിക്കും.

'ഇന്നാളത്തെ യക്ഷിയാണോ?'

'അല്ല. ഇതു് വേറൊരെണ്ണമാ!'

'ഇതും ചോരകുടിക്കുന്നതല്ലേ?'

'അതെ.'

തെല്ലുനേരം എന്തോ ആലോചിച്ചു കിടന്നിട്ടു് അവൻ പതുക്കെ മന്ത്രിക്കും.

'രക്തം കുടിക്കുന്ന യക്ഷീടെ കഥയാണെങ്കിൽ നിർത്തിയേരു് കുഞ്ഞിച്ചായാ. മതി.'

നേരത്തെ ഉറങ്ങാത്ത ദിവസങ്ങളിൽ ചിലപ്പോരം ആനിയും കഥകേരംക്കാൻ എത്തും. പക്ഷെ അവർ അടുപ്പിക്കുകയില്ല.

'ഇതു് ആണുങ്ങളുടെ വാർഡാ. ഇവിടെ നിനക്കെന്താ കാര്യം? പോ പോ! ഇവിടെ ഇരിക്കേണ്ട'

അവരം പിന്നെ അമ്മയുടെയോ തങ്കമ്മയുടെയോ അരികിൽ പോയി കിടക്കും.

'പെണ്ണു് നാണിച്ചുപോയി!' എന്നുപറഞ്ഞു് ആരെങ്കിലും കളിയാക്കിയാലുടനെ അവരം ഒററ നിലവിളിയാണു്. അപ്പൻ വീട്ടിലുള്ള അവസരമാണെങ്കിൽ, പെണ്ണിനെ എന്തിനാടാ കരയിക്കുന്നതെന്നു് വിളിച്ചുചോദിക്കും. അതോടെല്ലാവരും നിശ്ശബ്ദരാകുകയും ചെയ്യും.

അങ്ങനെ, രണ്ടു പായിലും രണ്ടു തലയിണയിലും കെട്ടിപ്പിടിച്ചു് കിടന്നുറങ്ങിയിരുന്ന മൂന്നു പേർ. അവർ എങ്ങനെയാണു് അകന്നു പോയതു്? എന്തിനാണു് അകന്നതു്?

അറിഞ്ഞുകൂടാ!

അനിയൻകുഞ്ഞിൻെറ വാക്കുകരം ഡോക്ടറുടെ കാതുകളിൽ പിന്നെയും മുഴങ്ങി.

'...എന്നും ഞങ്ങടെ കൂട്ടത്തിന്നു് അകന്നു ജീവിക്കാനായിരുന്നു കുഞ്ഞിച്ചായനു് ഇഷ്ടം!'

വേദനയോടെ അദ്ദേഹം നെടുവീർപ്പിട്ടു.

യിട്ടില്ല. അവനൊക്കെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തിയാകണമെങ്കിൽ ഇനി നാളെത്ര കഴിയണം?

പോരെങ്കിൽ അവരുടെ തള്ള കഴിവില്ലാത്തവളെന്നു് പണ്ടേപ്രസിദ്ധയും!

പണ്ടു്, ഇളയ ആൺമക്കളെച്ചൊല്ലി അമ്മ വ്യാകുലപ്പെട്ടതുപോലെ, ആയുസ്സിലാദ്യമായി ഡോക്ടർ അനിയന്മാരെക്കുറിച്ചു് ചിന്തിച്ചു് ദുഃഖിച്ചു. ആരെച്ചൊല്ലി അമ്മ കണ്ണുനീരൊഴുക്കിയോ, അവരെച്ചൊല്ലി ഡോക്ടറും കണ്ണുനീരൊഴുക്കി. അമ്മയുടെ കണ്ണുനീർ വീണു നനഞ്ഞ ഇറയത്തു് ഡോക്ടറുടെയും കണ്ണുനീർത്തുള്ളികരം വീണു പടർന്നു.

തന്നെ വലിയവനാക്കാനുള്ള യജ്ഞത്തിനിടയിൽ ചെറുതായിപ്പോയ തൻെറ കുടുംബം! തൻെറ സഹോദരങ്ങരം! തൻെറ വളർ നിറയ്ക്കാൻ വേണ്ടി അരവയറോടെ, മുണ്ടുമുറുക്കി ഉടുത്തു നടന്ന തൻെറ പ്രിയപ്പെട്ടവർ!

എൻെറ കുഞ്ഞു് പഠിച്ചു മിടുക്കനായി വരട്ടെ! അന്നേരം നമ്മുടെ വെഷമമെല്ലാം തീരും മക്കളെ! എന്ന ആശ്വാസ വാക്കുകളോടെ പലപ്പോഴും അമ്മ അവരുടെ ദുഃഖം അകററിയിരിക്കണം!

പക്ഷെ ഒരു പരിധിവരെയേ താൻ അവരെ സഹായിച്ചിട്ടുള്ളു. ഏതോ ഒരു മതിലിനിപ്പുറത്തുനിന്നു് താൻ അവരെ നോക്കിയിട്ടേയുള്ളു. അവരുടെ അടുത്തേക്കു് ഇറങ്ങിച്ചെല്ലാൻ ഒരിക്കലും താൻ ശ്രമിച്ചില്ല. സഹായിക്കേണ്ട അവസരങ്ങളിലൊന്നും താൻ അവരെ സഹായിച്ചില്ല. ആശ്വസിപ്പിക്കേണ്ട സമയങ്ങളിലൊന്നും ആശ്വസിപ്പിച്ചില്ല. വിശന്നു കരയുന്ന കുഞ്ഞുങ്ങരംക്കു് മധുരപലഹാരംപോലെ എ

### ജേക്കബ് കണ്ണന്താനം

പെട്ടെന്നു് അനിയൻകുഞ്ഞിൻെറ ബുദ്ധിമുട്ടുകളെയും കഷ്ടപ്പാടുകളെയും കുറിച്ചു് അദ്ദേഹം ഓർത്തു. രാത്രിയുടെ നിശ്ശബ്ദതയിൽ ഉറങ്ങിക്കിടക്കുന്ന തെരുവീഥിയിലൂടെ ഉണന്നിരുന്നു് അവൻ ഇപ്പോരം വണ്ടി ഓടിക്കുകയാവും. ജീവിതത്തിൻെറ കനത്ത ഭാരം ചുമലിൽനിന്നു് ഇറക്കിവച്ചു്, ഒന്നു് ആശ്വസിക്കുവാൻ ഇനി എന്നാണു് അവനു കഴിയുക? ഒരു പക്ഷെ അച്ചൻകുഞ്ഞിനെപ്പോലെ അവനും, മരണത്തിൻെറ കാൽച്ചുവട്ടിലായിരിക്കും അവൻെറ ഭാരവും പ്രയാസവും ഇറക്കിവക്കാൻ കഴിയുക! എങ്കിൽ ...

അച്ചൻകുഞ്ഞിനാണെങ്കിൽ ഒരു മകളെ കെട്ടിക്കാൻ കഴിഞ്ഞു. മൂത്ത മകനു് ജോലിയുമുണ്ടു്. പിന്നെയുള്ളതു് രണ്ടു് ആൺപിള്ളേരും ഒരു പെൺകൊച്ചുമാണു്. അവർ എങ്ങനെയെങ്കിലുമൊക്കെ രക്ഷപെടും.

പക്ഷെ അനിയൻകുഞ്ഞിൻെറ നാലു മക്കളിൽ മൂത്ത പെണ്ണു് കെട്ടുപ്രായമായി നിൽക്കുന്നു. ആൺമക്കളിൽ മൂപ്പൻ പത്താം ക്ലാസ്സിൽപോലും എത്തി

ന്തോ ഒക്കെ കൊടുത്തെന്നല്ലാതെ ശാശ്വതമായി അവരുടെ വിഷമം തീർക്കാൻ താനൊന്നും ചെയ്തില്ല!

എന്നിട്ടും അവർ തന്നെ വെറുത്തില്ല. ദ്വേഷിച്ചുമില്ല! ഇപ്പോഴും അവർ തന്നെ സ്നേഹിക്കുന്നു. ബഹുമാനിക്കുന്നു. സാന്നിദ്ധ്യത്തിനുവേണ്ടി കൊതിക്കുന്നു! എന്തിനു്?


അതുമാത്രം അറിഞ്ഞുകൂടാ!

അവസാന നാളുകളിൽ അമ്മയെപോലും താൻ അവഗണിച്ചു കളഞ്ഞു! തൻെറ കൂടെയുള്ള താമസം മതിയാക്കി വീട്ടിലേക്കു മടങ്ങിപ്പോയതിൽ പിന്നെ ഒരിക്കൽപോലും അമ്മക്കു് പണം അയച്ചുകൊടുത്തില്ല. എന്നോടൊപ്പം താമസിക്കാൻ വയ്യാത്ത ആളിനു് ഞാനെന്തിനു പണം അയയ്ക്കണം, എന്നായിരുന്നു അന്നത്തെ വിചാരം. രോഗത്തിനു് മരുന്നു മതിയല്ലോ. അതു് മുടങ്ങാതെ എത്തിച്ചു കൊടുക്കുന്നുണ്ടല്ലോ ...

രോഗവും ദുഃഖവും സഹിച്ചു്, മരണത്തിൻെറ കാലടിയൊച്ചയും പ്രതീക്ഷിച്ചു കിടന്ന ആ അന്ത്യദിനങ്ങളിൽ

(ശേഷം 4-ാംപേജിൽ)

## അമൃതബിന്ദുക്കൾ!



**അറുപത്തിയെട്ടു്**

നെററി തൻെറ വിയപ്പിനാൽ
അപ്പം ചുടുക സർവ്വരും

**അറുപത്തിയൊൻപതു്**

നീതിമാൻെറ വിചാരത്തിൽ
ന്യായദീക്ഷതെളിഞ്ഞിടും

**എഴുപതു്**

ദുഷ്ടൻെറ വാക്കുകരംക്കുള്ളിൽ
ഒളിച്ചീടുന്നു വഞ്ചന

ശ്രീപാദം ഈശ്വരൻ നമ്പൂതിരി

## വഴിയറിയാതെ......

(3-ാം പേജിൽനിന്നും തുടർച്ച)

അമ്മ തന്നെ ശപിച്ചു കാണുമോ? അറിഞ്ഞുകൂടാ!

ക്ഷമിക്കൂ അമ്മേ! അവിവേകിയായ ഈ മകനു് മാപ്പു തരൂ അമ്മേ! പൊറുക്കൂ പ്രിയപ്പെട്ടവരേ! എൻെറ അറിവില്ലായ്മക്കു് നിങ്ങളെന്നെ ശിക്ഷിച്ചോളൂ!

ഡോക്ടറുടെ അന്തരംഗം തേങ്ങി.

അദ്ദേഹം പായയിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു.

വളരെ നേരം കഴിഞ്ഞാണു് ഉറങ്ങിയതു്.

....അമ്മയുടെ കണ്ണുനീരുണങ്ങാത്ത മുഖം! ചുണ്ടിൽ ചിരിയും, കണ്ണിൽ ദുഃഖവും നിഴലിക്കുന്ന ആ ക്ഷീണിച്ച മുഖം!

നിമിഷങ്ങൾക്കകം ആ മുഖം മാഞ്ഞു. അവിടെ മററൊരു രൂപം പ്രത്യക്ഷപ്പെടുകയായിരുന്നു.

പൊന്നമ്മ! പോണ്ടൻ കറിയായുടെ മകൾ! ജീവിതത്തിലാദ്യമായി താൻ അറിഞ്ഞ പെണ്ണു് താൻ കാരണം നാട്ടുകാരുടെ മുമ്പിൽ തല നിവർത്തി നടക്കാനാവാതെ, കുടുംബത്തോടെ നാടുവിടേണ്ടി വന്നവൾ! അവൾ കരയുകയാണോ ചിരിക്കുകയാണോ എന്നു് തിരിച്ചറിയാനാവുന്നില്ല.

പൊടുന്നനവെ ആ മുഖം അപ്രത്യക്ഷമായി. പക്ഷെ അവളുടെ ശബ്ദം കേൾക്കാം. അങ്ങകലെയെങ്ങോ നിന്നു് പ്രതിധ്വനിക്കുന്നതുപോലെ...

'കുഞ്ഞിച്ചായനു് വേണ്ടതു് എന്നെയല്ലേ? അതിനു് എനിക്കൊരു കൂലിയും തരേണ്ട....

'കുഞ്ഞിച്ചായനു് വേണ്ടതു്....'

.... . .... - .... - ......

'ഞങ്ങളു് ഇങ്ങനെ കൊറേപ്പേരു് ഉണ്ടെന്നു പറയുന്നതു് കുഞ്ഞിച്ചായനു് മാനക്കേടല്ലേ? അതുകൊണ്ടല്ലേ കുഞ്ഞിച്ചായൻ .......?'

ആരാണു് ആ ചോദിക്കുന്നതു്?

ആനിയാണു്. ഇളയ പെങ്ങൾ.

അല്ല. അവളെ തള്ളിമാററിയിട്ടു് കടന്നുവരുന്നതു് മററൊരു സ്ത്രീയാണല്ലോ! ആരാണു്? കണ്ണുകൾ തിരുമ്മി തുറന്നു് ഒന്നുകൂടി നോക്കിയപ്പോൾ ഞെട്ടിപ്പോയി.

തങ്കമ്മ! മൂത്ത പെങ്ങൾ.

അവൾ വിരൽ ചൂണ്ടിനിന്നു ഗർജ്ജിക്കുകയാണു്. തീ പാറുന്ന കണ്ണുകൾ. ജ്വലിക്കുന്ന മുഖം!

'...നീയാണു് ഇതിനെല്ലാം കാരണക്കാരൻ! നിനക്കു് നീയാണു വലുതു്! നിനക്കു പഠിക്കണം. നിനക്കു സുഖിക്കണം! നിനക്കു മാനക്കേടു വരരുതു്! എന്നാൽ മററുള്ളവർക്കോ? അവരെപ്പററി ലേശമെങ്കിലും വിചാരമൊണ്ടോ നിനക്കു്? ഉണ്ടായിരുന്നെങ്കിൽ....'

അവൾ കുററപ്പെടുത്തുകയാണു്. ശകാരിക്കുകയാണു്.

പെട്ടെന്നാണു് അവളുടെ ഭാവം മാറിയതു്.

ഇപ്പോൾ അവൾ മന്ദഹസിക്കുകയാണു്. അടുത്തു വന്നു് വാത്സല്യപൂർവ്വം തലോടുകയാണു് പിന്നെ പതുക്കെ മന്ത്രിക്കുന്നു.

'എൻെറ കുഞ്ഞെ! എനിക്കു തൃപ്തിയായി! ഞങ്ങളെല്ലാം പ്രതീക്ഷിച്ചതുപോലെ നീ വളർന്നല്ലോ! നീ മിടുക്കനായല്ലോ. ഞങ്ങളുടെ കഷ്ടപ്പാടിനുള്ള പ്രതിഫലം കിട്ടി കുഞ്ഞെ! ഇതാ, ഭൂമിയിൽ മററൊരു പെങ്ങൾക്കും നൽകാനാവാത്ത മററൊരു ഉപഹാരം ഞാൻ എൻെറ ആങ്ങളക്കു് തരുന്നു! ജീവിതം മാത്രമല്ല, എൻെറ മരണവും, എൻെറ ഈ ജഡവും നിൻെറ വളർച്ചക്കുള്ള ചവിട്ടുപടി ആക്കിക്കൊള്ളൂ!

അതെ...നീ മിടുക്കനാണു്. സ്വന്തം സഹോദരിയുടെ ശവം കീറി മുറിക്കുന്നതിനുള്ള കൈക്കൂലി നീ തലേന്നുതന്നെ മേടിച്ചു പെട്ടിയിലാക്കി വച്ചില്ലേ? കൊള്ളാം! ബിരുദാനന്തരബിരുദപഠനത്തിനു് നിനക്കു് ആ തുക ഉപകരിച്ചില്ലേ....

മുഖത്തു് തലോടിക്കൊണ്ടിരുന്ന അവളുടെ കൈകൾ മെല്ലെ താഴോട്ടു് ഇഴഞ്ഞിറങ്ങുകയാണു്.

കഴുത്തിലൂടെ ---

നെഞ്ചിൽ...ചുമലിൽ...

ശ്വാസം മുട്ടുന്നതുപോലെ –

ഡോക്ടർ ഞെട്ടിയെഴുന്നേററു.

കിതപ്പോടെ ചുമരു ചാരി ഇരുന്നു.

വിയർക്കുന്നുണ്ടു്. ശരീരം വിറയ്ക്കുന്നതുപോലെ.

സ്വപ്നമാണു് കണ്ടുകൊണ്ടിരുന്നതെന്നു് ബോധ്യമായപ്പോൾ ആശ്വാസം തോന്നി.

എന്നാലും, പിന്നീടു് ഉറങ്ങാൻ കഴിഞ്ഞില്ല.

വെളിച്ചം വീഴുംമുമ്പെ എന്തോ തീരുമാനിച്ചുറച്ചതുപോലെ ഡോക്ടർ എഴുന്നേററു. ആനിയെയും മററുള്ളവരെയും വിളിച്ചുണർത്തി യാത്ര ചോദിച്ചു.

'എനിക്കു് ഉടനെ പോകണം!'

'ങേ .. ?'

അവൾ അത്ഭുതപ്പെട്ടു.

'ഉച്ചകഴിഞ്ഞേ പോകുന്നുള്ളെന്നു പറഞ്ഞിട്ടു്...?'

'ഇല്ല പോയിട്ടു് എനിക്കു് പല കാര്യങ്ങൾ ശരിയാക്കാനുണ്ടു്.'

'എന്നാൽ എന്തെങ്കിലും കഴിച്ചിട്ടു്....'

അച്ചൻകുഞ്ഞിൻെറ പെമ്പിള പറഞ്ഞു വന്നതു് പൂർത്തിയാക്കിയില്ല.

'കഴിക്കാൻ ഞാൻ വരുന്നുണ്ടു് അടുത്ത ദിവസം തന്നെ! ഇപ്പോൾ പോട്ടെ!'

വഴിയരികിൽ മ്ളാനമായ മുഖത്തോടെ നോക്കി നിൽക്കുന്ന എല്ലാവരോടും ഒരിക്കൽ കൂടി നിശ്ശബ്ദമായി യാത്ര ചോദിച്ചിട്ടു് ഡോക്ടർ കാർ സ്റ്റാർട്ടു ചെയ്തു.

(തുടരും)

## എക്യുമെനിസം: മനുഷ്യകുടുംബത്തിൻെറ ഐക്യമാവണം. ഡോ: പൗലൂസ് മാർ പൗലൂസ്

ഏപ്രിൽ 23-ാം തീയതി തൃശ്ശൂരിൽ ചേർന്ന കെ. സി. സി വാർഷിക സമ്മേളനത്തിൽ കൽദായ സഭയിലെ ഡോ: പൗലൂസ് മാർ പൗലൂസ് മെത്രാപോലീത്താ ''ഗ്രാസ് റൂട്ട് എക്യുമെനിസം'' എന്ന വിഷയത്തെക്കുറിച്ച് അവതരിപ്പിച്ച പ്രബന്ധത്തിൽ നിന്നു്.

സുവിശേഷത്തിൽ അധിഷ്ഠിതമായ എക്യുമെനിസം പ്രാദേശികമായി സാധാരണക്കാരുടെ പങ്കാളിത്തവും അവരുടെ പോരാട്ടത്തിൽ പ്രതിബദ്ധതയും സാർവലൗകിക ഏക സഭയുടെ പ്രതിച്ഛായ പ്രാദേശിക തലത്തിൽ പ്രതിബിംബിപ്പിക്കാനുള്ള ആഭിമുഖ്യവും ഉള്ളതായിരിക്കണം. എക്യുമെനിസം സഭകളെമാത്രം ബാധിക്കുന്ന കാര്യമല്ല. അതു മനുഷ്യകുടുംബത്തിൻെറ ഐക്യമാണു്. സർവജീവജാലങ്ങളും ഉൾപ്പെടുന്ന സമസ്ത സൃഷ്ടിയുടെ ഐക്യം.

നീതിയിലധിഷ്ഠിതവും പങ്കാളിത്ത സ്വഭാവമുള്ളതുമായ സമൂഹം സൃഷ്ടിക്കുകയും ആ സമൂഹത്തിൽ ദൈവസൃഷ്ടിയുടെ വിഭവങ്ങളും സാധ്യതകളും എല്ലാ മനുഷ്യർക്കും അനുഭവ യോഗ്യമാക്കിത്തീർക്കുകയും ചെയ്യുന്ന പ്രക്രിയയ്ക്കു് എക്യുമെനിക്കൽ പ്രസ്ഥാനം ഊന്നൽ നൽകണം. ഇതിൽ അന്തർഭവിച്ചിട്ടുള്ള പ്രശ്നങ്ങൾ നേരിടുമ്പോൾ പലവിധത്തിലുള്ള അസ്വസ്ഥതകളും ഏററുമുട്ടലുകളും അവശ്യം കണക്കിലെടുക്കേണ്ടിവരാം.

ഈ പ്രശ്നങ്ങളിൽ അർത്ഥവത്തായി പ്രവേശിച്ച് അവിടെ ദൈവത്തിൻെറ സമാധാനം പ്രഖ്യാപിക്കണമെങ്കിൽ നാം വിഭാവനം ചെയ്യുന്ന ദൈവരാജ്യത്തിൻെറ പ്രതീകവും ആദ്യഫലവുമായ സഭതന്നെ ഐക്യം പ്രദർശിപ്പിക്കുകയും അതിൻെറ കഴിവുകളെ ഏകോപിപ്പിക്കുകയും വേണം. വിവിധ സഭാപാരമ്പര്യങ്ങളിലെ സമ്പന്നമായ കാര്യങ്ങൾ അന്വേഷിച്ചറിയാനും പഠിക്കാനും പരിപാടികൾ ഏറെറടുക്കണം.

ആദാമിൻെറയും ഹൗവ്വയുടെയും നിഷ്ക്കളങ്കതയിലേക്കു മനുഷ്യനെ തിരിച്ചുകൊണ്ടുവരലല്ല. മനുഷ്യജീവിതത്തെ അതിൻെറ പൂർണതയിലേക്കു് കൊണ്ടുവരികയായിരുന്നു യേശുവിൻെറ ലക്ഷ്യം. അതുപോലെ ഒരു പുതിയ മാനവീകത കെട്ടിപ്പടുക്കാനാവണം എക്യുമെനിക്കൽ പ്രസ്ഥാനത്തിൻെറ യത്നം.

ഐക്യത്തിനു വേണ്ടിയുള്ള കൂട്ടായ പരിശ്രമങ്ങൾ മതേതര രംഗത്തും നടന്നുകൊണ്ടിരിക്കുന്നു. ക്രൈസ്തവ സഭയുടെ എക്യുമെനിക്കൽ സംരംഭങ്ങൾ മതേതര എക്യുമെനിസത്തെ തകിടം മറിക്കുന്നുണ്ടോ എന്നു ശ്രദ്ധിക്കണം.

ത്യാഗപൂർവ്വമായ സേവനത്തിലും പ്രവാചകതുല്യമായ ധാർമ്മികസമരത്തിലും ഏർപ്പെടുന്ന ഒരു മനുഷ്യസമൂഹം സൃഷ്ടിക്കുന്നതിനുപകരം ക്രിസ്ത്യാനികൾ ഇന്നു് സ്വർഗീയ താല്പര്യങ്ങളും അവകാശാധികാരങ്ങളും മുൻനിർത്തി സംഘടിച്ചു് മതസമുദായം ശക്തിപ്പെടുത്താൻ ശ്രമിക്കുന്നുവെന്ന സത്യം നാം ലജ്ജയോടെ സമ്മതിക്കണം. രാജ്യത്തിൻെറ ഐക്യദാർഢ്യം ഊട്ടിയുറപ്പിക്കാൻ പട പൊരുതണം.

മതസ്വാതന്ത്ര്യ ഭാരതത്തിലെ ന്യൂനപക്ഷങ്ങൾ അവകാശപ്പെടേണ്ടതു് ന്യൂനപക്ഷ മതസമുദായങ്ങളുടെ അവകാശമായിട്ടല്ല രാഷ്ട്രത്തിലെ ഏതൊരു പൗരൻെറയും മനുഷ്യത്വത്തിൻെറ മൗലീക അവകാശങ്ങളുടെഭാഗമാണു്.

വിശ്വാസത്തെപ്പററിയുള്ള പ്രസക്തമായ ധാരണകളിൽ ഐക്യപ്പെടുന്നതിനുള്ള തീവ്രമായ ശ്രമം. ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകളുടെയും അഭിലാഷങ്ങളുടെയും സാക്ഷാൽകാരത്തിനു ലോകമെങ്ങുമുള്ള മനുഷ്യർ ഏർപ്പെട്ടിട്ടുള്ള പോരാട്ടങ്ങളിൽ പങ്കുചേരാനുള്ള

(ശേഷം 5-ാം പേജിൽ)

## ഈ കല്ല് ആരു് ഉരുട്ടി മാററും

(2-ാം പേജിൽനിന്നും തുടർച്ച)

ബദ്ധതയും നാം സഭയെന്ന നിലയിൽ ആഘോഷിക്കുന്നു. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട സ്ത്രീകളും പുരുഷന്മാരും ജീവനുള്ള സകലതിനെയുംപററി കരുതൽ പ്രദർശിപ്പിക്കാനുള്ള മാനുഷികമായ ഉത്തരവാദിത്വത്തിൽ പങ്കെടുക്കാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നു.

സഭകൾ സ്ത്രീകളോടുള്ള ഐക്യദാർഢ്യം ആചരിക്കുന്ന എക്യുമെനിക്കൽ ദശകത്തിൽ നാം ഒരു സഭയായി എഴുന്നേററു സഭയിലും സമൂഹത്തിലും സ്ത്രീകളുടെ പൂർണ്ണവും സജീവവുമായ പങ്കാളിത്തത്തിനു നേരിടുന്ന തടസ്സങ്ങളെ തിരിച്ചറിഞ്ഞു്, ഒററപ്പെടുത്തണം: ഈ പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിനും നാം പ്രയത്നിക്കണം. സ്ത്രീകളുടെ കാഴ്ചപ്പാടും സംഭാവനകളും നാം ഊന്നിപ്പറയണം. ചുണയോടുകൂടി നാം മുമ്പോട്ടു നീങ്ങും. നാം തട്ടിത്തകർക്കും. നാം കെട്ടിപ്പണിയും നാം കല്ലു ഉരുട്ടി മാററുകതന്നെ ചെയ്യും.

ക്രിസ്തുവിൽ വളരുന്ന ഒരു നവീന സമൂഹമായി നാം തീരണം—പുനരുത്ഥാന ജനതയുടെ പുഷ്കലമായിക്കൊണ്ടിരിക്കുന്ന ഒരു സരിത്തു്. പ്രത്യാശയോടെ, വിശ്വാസപൂർവം യാത്രചെയ്യുന്ന ഒരു ദൈവജനത. യാത്രാമദ്ധ്യേ നേരിടേണ്ടിവരുന്ന കല്ലുകൾ നമ്മിൽ അനിവാര്യമായ ഭയാശങ്കകൾ കുത്തിനിറച്ചേക്കാം. പക്ഷേ, സ്നേഹത്താൽ പ്രേരിതരായി നാം മുമ്പോട്ടുപോവുകതന്നെ ചെയ്യും. ഉയിർത്തെഴുന്നേററ രക്ഷകൻെറ വെല്ലുവിളി നാം കണ്ടുമുട്ടും. അത്ഭുതപ്പെടേണ്ട. നിങ്ങൾ ക്രൂശിക്കപ്പെട്ട നസ്രായനായ യേശുവിനെ തെരക്കുന്നു. അവൻ ഇവിടെയില്ല. അവൻ ഉയിർത്തെഴുന്നേററു. പോയി അവൻെറ ശിഷ്യന്മാരോടു പറയുക....

(വനിതാ ദശകം ബുള്ളററിൻ)

കവിത

## മനുഷ്യൻ

ദേഹത്തെ കൊല്ലാം—
കൊന്നിട്ടിവിടെ കുഴിച്ചിടാം;
ദാഹത്തെ ശമിപ്പിക്കാം—
ദാനമായർത്ഥം നൽകാം.

നാരകം നടാം, നാടു-
ഭരിക്കാം; മുടിച്ചിടാം—
ദേഹിയെ കൊല്ലാൻ മാത്രം—
ഇല്ല തിട്ടൂരം മണ്ണിൽ?—

മനുഷ്യൻ— മഹാനാമം—
മനനം പ്രിയംകരം.
മദയാനയെപ്പോലെ—
മരണം മുന്നിൽ നിൽപ്പൂ —

നിഴലും വെളിച്ചവും—
നിയതിക്കൊരേ ഭാവം.
നരജന്മമോ— വയൽ -
പ്പൂവുപോൽ- ശാന്തം! പാവം!

പൊൻതട്ടാനൊരുക്കിയ-
പണ്ടമല്ലയോ നമ്മൾ?
പണയം വയ്ക്കാമെന്നോ—
മാററുരച്ചുനോക്കുന്നോ?

വിലപേശിടാൻ നിന-
ക്കാരു തന്നവകാശം -?
വിലതീർത്തവൻ വരും—
വഴികാത്തിരിപ്പൂ ഞാൻ.

വെള്ളനാട് ഡെന്നിസൻ

# വിശുദ്ധസഭ

പ: ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് മെത്രാപ്പോലീത്താ ആയിരുന്ന കാലത്ത് പ്രസിദ്ധീകരിച്ച സഭയും കൂദാശകളും എന്ന ഗ്രന്ഥത്തിന്റെ ഒന്നാംഭാഗം ഹെറാൾഡിൽ ഖണ്ഡശ്ശ പ്രസിദ്ധീകരിച്ചു തുടങ്ങുന്നു. സഭയുടെ വിവിധ വശങ്ങൾ വ്യക്തമാക്കുന്ന ആഴമായ പഠനങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം ഈ രംഗത്തെ ഏക ആധികാരിക കൃതി അത്രെ.

## സഭയുടെ ഉല്പത്തി

സാധാരണയായി ഈ പേരുകൊണ്ട് വിവക്ഷിക്കുന്നത് ക്രിസ്തു സഭയെയാണ്. എന്നാൽ യേശുമശിഹാ ലോകത്തിൽ വന്നു സഭ സ്ഥാപിക്കുന്നതിനു മുമ്പുതന്നെ സഭയുണ്ടായിരുന്നുവെന്ന് പുതിയ നിയമത്തിൽ കാണുന്നുണ്ട്. (അപ്പോ. 7:38) സ്തേപ്പാനോസ് ശെമ്മാശൻ സഭയെപ്പററി പറയുന്നതു ഇപ്രകാരമാണ്; 'സീനായ് മലയിൽ തന്നോടു സംസാരിച്ച ദൂതനോടും, നമ്മുടെ പിതാക്കന്മാരോടും കൂടെ മരുഭൂമിയിലെ സഭയിൽ ഇരുന്നവനും, നമുക്കു തരുവാൻ ജീവനുള്ള അരുളപ്പാടു ലഭിച്ചവനും ഇവൻ (മോശ) തന്നെ.' മിസ്രയീമിലെ അടിമത്വത്തിൽ നിന്നും രക്ഷപ്പെട്ടു, മരുഭൂമി വഴിയായി കനാൻനാട്ടിലേക്കു പ്രയാണം ചെയ്തു കൊണ്ടിരുന്ന ഇസ്രയേൽ ജനതയെപ്പററിയാകുന്നു ഇവിടെ മരുഭൂമിയിലെ സഭയെന്നു വിവക്ഷിക്കുന്നത്. അതിനാൽ സഭ ഇസ്രയേലിന്റെ ഈ പ്രയാണ കാലയളവുവരെയെങ്കിലും പഴക്കമുള്ളതാണ്.

യഥാർത്ഥത്തിൽ സഭ മിസ്രയീമിൽ നിന്നുള്ള ഇസ്രായേലിന്റെ പരിത്രാണനഘട്ടത്തെക്കാളും പഴക്കമുള്ളതാകുന്നു. എന്തെന്നാൽ സഭയെന്നു പറഞ്ഞാൽ അതിന്റെ മതപരമായ സാമാന്യ അർത്ഥം, ദൈവത്തിന്റെ ജനസഞ്ചയമെന്നേയുള്ളു. 'നീ നിന്റെ ദേശത്തേയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ടു പുറപ്പെട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക. ഞാൻ നിന്നെ വലിയൊരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ച് നിന്റെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും (ഉല്പത്തി 12:1) മേല്പറഞ്ഞ പ്രകാരം കല്പിച്ച് അവനെ ഒരു പ്രത്യേക ജാതിയുടെ തലവനാക്കിതീർത്ത കാലത്തും; ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും, അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രേ എന്നും, യഹോവ കണ്ടിട്ട് ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുക കൊണ്ട് അനുതപിക്കുകയും, ജലപ്രളയത്താൽ മനുഷ്യനെയും, മൃഗത്തെയും, ഇഴജാതിയേയും, ആകാശത്തിലെ പക്ഷികളെയും നശിപ്പിക്കുകയും, പെട്ടകം മുഖാന്തരമായി നോഹിനെയും കുടുംബത്തെയും സംരക്ഷിക്കുകയും, നോഹിന്റെ പാരമ്പര്യത്തിൽ ജാതിയെ നിലനിർത്തുകയും, അവർ മൃഗങ്ങളെയും പറവകളെയും ബലിയായി അർപ്പിക്കുകയും ചെയ്തുകാലത്തും, അതിനുമുമ്പ് ദൈവത്തോടുകൂടി നടന്നതിനാൽ 'മരണം കാണാതെ എടുക്കപ്പെട്ട (എബ്രായാ. 11:5) ഹാനോക്കിന്റെ കാലത്തും; 'യഹോവയുടെ നാമത്തിലുള്ള ആരാധന തുടങ്ങിയ' (ഉല്പത്തി 4:26) ശേത്തിന്റെ മകനായ ഏനോശിന്റെ കാലത്തും; 'വിശ്വാസത്താൻ ഹാബേൽ കായീന്റേതിലും ഉത്തമമായ യാഗം' കഴിച്ചപ്പോഴും (എബ്ര 11:4); ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചപ്പോഴും; ദൈവത്തെ അറിയുകയും ആരാധിക്കുകയും ചെയ്തിരുന്ന ദൈവത്തിന്റെ ജനം അഥവാ സഭ ഉണ്ടായിരുന്നു. ഈ ദൃശമായി ചിന്തിയ്ക്കുമ്പോൾ സൃഷ്ടിയുടെ ആരംഭം മുതൽതന്നെ സഭയുണ്ടായിരുന്നു എന്നുള്ളത് വി. വേദത്തിൽനിന്നും അനുമാനിക്കാവുന്ന കാര്യമാകുന്നു

## സഭയുടെ വളർച്ച

ഒരേ രീതിയിലോ, ഒരേ തത്വസംഹിതയിലോ, ധാർമ്മിക മൂല്യങ്ങളിലോ ആദിമകാലം മുതൽ ഇന്നയോളം സഭ സ്ഥിതി ചെയ്തുവെന്നു പറയുവാൻ നിവൃത്തിയില്ല. മാനവവംശത്തിന്റെ പുരോഗമനമനുസരിച്ചും, ആത്മീയ കാര്യങ്ങളെ അനുഭവപ്പെടുത്തുന്നതിനുള്ള കഴിവനുസരിച്ചും, സഭയും രൂപഭേദം പ്രാപിച്ചു പോന്നിട്ടുണ്ട്. 'കണ്ണിനു പകരം കണ്ണ്'; 'പല്ലിനു പകരം പല്ല്' എന്ന യഹൂദരീതി, 'ദുഷ്ടനേ എതിർക്കരുത്; നിന്റെ വലത്തെ ചെകിട്ടത്തു അടിക്കുന്നവനു മറേറതും തിരിച്ചു കാണിക്ക; നിന്നോടു വ്യവഹരിച്ചു നിന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവനു നിന്റെ പുതപ്പ് വിട്ടുകൊടുക്ക' (മത്തായി 5:38-40) എന്നിപ്രകാരം ക്രിസ്തു സഭയിൽ രൂപഭേദം പ്രാപിച്ചു. ഗിരിപ്രഭാഷണം എന്നറിയപ്പെടുന്ന ക്രിസ്തീയ ധർമ്മസംഹിത (മത്തായി 5–7) യഹൂദധർമ്മസംഹിതയുടെ ആത്മീയ പ്രതിരൂപമാകുന്നു

വ്യക്തികളായും കുടുംബങ്ങളായും ദൈവത്തെ ഭജിച്ചു പോന്നിരുന്ന ആദ്യത്തെ രീതി വിട്ട്, ഗോത്രങ്ങളായും വംശങ്ങളായും ദൈവത്തെ ആരാധിക്കുന്ന രീതിയിലേക്ക് സഭ വളർന്നു. ഒരു ജാതിയെന്നുള്ള നിലയിൽ അതിനെ ആക്കിത്തീർത്തതു മോശയാകുന്നു. വനാന്തരങ്ങളിൽകൂടി കനാനിലേക്കുള്ള അതിന്റെ പ്രയാണ വേളയിൽ സമാഗമന കൂടാരത്തെ കേന്ദ്രീകരിച്ചു നടത്തിയിരുന്ന ദൈവാരാധന, കനാനിൽ സ്ഥിരമാക്കിയപ്പോൾ ശീലോവിലെ ആരാധനയായി പരിവർത്തനം ചെയ്തു. ശാലോമോന്റെ കാലത്തു യരുശലേമിൽ ദേവാലയം പണിതപ്പോൾ യഹൂദ സഭയുടെ ആരാധനാകേന്ദ്രം അതായിത്തീരുകയും, യഹോവയാരാധന വളരെ വിപുലവും വിവിധവുമായിത്തീരുകയും ചെയ്തു. സഭ പിന്നെയും വളർന്നുകൊണ്ടു തന്നെയിരുന്നു. കർത്താവിന്റെ വരവോടുകൂടി യരുശലേം ആരാധന സമാപിക്കുകയും, 'എല്ലായിടത്തും എന്റെ നാമത്തിനു ധൂപവും നിർമ്മലമായ വഴിപാടും അർപ്പിച്ചു വരുന്നു.' എന്നുള്ള മലാഖിയുടെ പ്രവചനംപോലെ (മലാഖി 1:11), ദൈവാരാധന വിവിധ സ്ഥലങ്ങളിൽ വ്യാപിക്കുകയും ചെയ്തു. 'അതിനുശേഷമോ ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും; നിങ്ങളുടെ യൗവനക്കാർ ദർശനങ്ങളെ ദർശിക്കും; ദാസന്മാരുടെമേലും ദാസിമാരുടെ മേലുംകൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും' (യോവേൽ 2:28–29) എന്ന പ്രവചന പ്രകാരവും 'ഞാൻ പിതാവിനോടു ചോദിക്കും, അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറെറാരു കാര്യസ്ഥനെ എന്നേക്കും നിങ്ങളുടെകൂടെ ഇരിക്കേണ്ടതിനു തരും;' (യോഹ. :14:16) 'പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരുകയും, ഞാൻ നിങ്ങളോടു പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും.' (യോഹ. 14:26) എന്നിത്യാദി (യോഹ. 15;26, 16:7-8, 17:3-14) കർത്തൃവചനാനുസരണവും, കർത്താവിന്റെ സ്വർഗ്ഗാരോഹണശേഷം സഭ ക്രമപ്രവൃദ്ധമായ രീതിയിൽ പരിശുദ്ധാത്മ സമ്പൂർണ്ണമാകയും, പരിശുദ്ധാത്മാവിന്റെ നടത്തിപ്പിലും നിയന്ത്രണത്തിലും ആയിത്തീരുകയും ചെയ്തു.

## സഭയുടെ സമ്പൂർണ്ണത

ഇപ്രകാരം ആദാമിൽ ആരംഭിച്ച സഭ, കലാനുസരണം വളർന്ന് ആദ്യം സർവ്വ ആത്മീയതകളുടെയും നിഴലുകളും, അന്ത്യം സകലത്തിന്റെയും പൊരുളും അതിൽ തന്നെ കാണിച്ചു പരിവർത്തിച്ചു. ''സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും' (ഉല്പത്തി 3:15) എന്നുള്ള ആദ്യത്തെ സുവിശേഷ പ്രഖ്യാപനം മുതൽ സഭ ക്രിസ്തുവിങ്കലേക്കു പ്രയാണം ചെയ്തു കൊണ്ടിരുന്നു. പ്രവാചകന്മാർ ക്രിസ്തുവിനെ മുൻകൂട്ടി കണ്ട് അവനെപ്പററി സാക്ഷിപ്പെടുത്തി. ''കന്യക ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും; അവനു ഇമ്മാനുവേൽ എന്നു പേർ വിളിക്കും'' (ഏശായ 7: 14). ഇതുപോലുള്ള പല സൂചനകൾ ക്രിസ്തുവിന്റെ വരവിനെപ്പററി പഴയനിയമത്തിൽ കാണുന്നുണ്ട്. (ക്രിസ്തുവിന്റെ വരവിനെപ്പററിയുള്ള മററു പ്രവചനങ്ങൾക്കായി ''യൽദാ' ദിവസത്തെ സന്ധ്യാ നമസ്കാരത്തിന്റെ പ്രൊമിയോൻ നോക്കുക). സകലവും ക്രിസ്തുവിൽ സമ്പൂർണ്ണമായി സമാപിക്കുന്നു. ''സർവ്വവും അവന്റെ കാൽക്കീഴാക്കി, എല്ലാററിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭയ്ക്കു കൊടുത്തു. (എഫേ 1: 22 – 23) സഭ ക്രിസ്തുവിന്റെ ശരീരമായിത്തീർന്നതാകുന്നു. അതിന്റെ വളർച്ചയുടെ സമ്പൂർണ്ണത – എഫേ 5: 23; കൊലേ 1: 17-18 (റോമ- 12: 5, എഫേ. 4: 14- 16. ഈ ഭാഗങ്ങളും കാണുക)

## സഭ ക്രിസ്തുവിന്റെ ശരീരം മാത്രമല്ല; പരിശുദ്ധാത്മാവിന്റെ അധിവാസ സ്ഥലവുമാകുന്നു

ക്രിസ്തുസഭ മുഴുവനായും വ്യക്തികളായും പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു. 'നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും, ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?' (1 കോരി 3:16); 'അവനിൽ (ക്രിസ്തുവിൽ) കെട്ടിടം മുഴുവൻ യുക്തമായിചേർന്നു കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു. അവനിൽ നിങ്ങളെയും, ദൈവത്തിന്റെ നിവാസമാകേണ്ടതിന് ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു' (എഫേ 2:21–22); (1 കോരി 6:19; 2 കോരി 6:16) എന്നിവയും കാണുക.) യേശുക്രിസ്തു തലയും, സഭ ശരീരവുമായിത്തീരത്തക്കവണ്ണം വിശുദ്ധാത്മാവു സഭയെ ക്രിസ്തുവുമായി ചേർത്തു പണിയുന്നു 'മനുഷ്യൻ തള്ളിയതെങ്കിലും, ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ട്; നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മീയ ഗൃഹമായി യേശുക്രിസ്തു മുഖാന്തരം, ദൈവത്തിനു പ്രസാദമുള്ള ആത്മീയ യാഗങ്ങൾ കഴിപ്പാൻതക്ക വിശുദ്ധ പുരോഹിതവർഗ്ഗമാകേണ്ടതിനു പണിയപ്പെടുന്നു. (1 പത്രോ. 2: 4-5)

സഭ ക്രിസ്തുവിന്റെ ശരീരമായിരിക്കുകയും വി: ആത്മാവ് അതിൽ വികസിക്കുകയും ചെയ്യുന്നുവെന്നു മാതൃമല്ല, പിതാവുമായി ഐക്യത്തിൽ ഇരിക്കുകയും ചെയ്യുന്നു.

കർത്താവിന്റെ മദ്ധ്യസ്ഥപ്രാർത്ഥന ഈ ആശയത്തെ പ്രസ്പഷ്ടമാക്കുന്നു. 'പിതാവേ! നീ എന്നിലും ഞാൻ നിന്നിലുമായിരിക്കുന്നതു പോലെ അവരും നമ്മിൽ ആകുമാറാകേണമേ.' (യോഹ 17:21). നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കണമേ.' (യോഹ 17:23)

## അനുമാനം

ക്രിസ്തുസഭ അതിനാൽ കേവലം ലൗകികമായ ഒരു സംഘമല്ല അതു പിതൃപുത്ര വിശുദ്ധാത്മാവാകുന്ന ത്രിയേക ദൈവത്തോട് ഐക്യത്തിൽ ഇരിക്കുന്നതിനാൽ സർവ്വ ആത്മീയതകളുടെയും രംഗസ്ഥലമാകുന്നു. 'നിങ്ങളോ, ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നുവെന്നുവരികിൽ ജഡസ്വഭാവമുള്ളവരല്ല, ആത്മസ്വഭാവമുള്ളവരത്രെ.' (റോമ 8:9) സഭ ലോകത്തിൽ വസിക്കുമ്പോൾതന്നെ സ്വർഗ്ഗീയ മണ്ഡലങ്ങളിൽ വിഹരിച്ചുകൊണ്ടിരിക്കുന്നു. 'അകാൻ നിങ്ങൾ ഇനി അന്യരും പരദേശികളുമല്ല. വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവക്കാരുമത്രെ' (എഫേ 2:-19)

മററു സംഘങ്ങളും സമൂഹങ്ങളുംപോലെയല്ല സഭ. ലോകത്തിലായിരിക്കുന്ന അവസരത്തിലും സഭ കേവലം ലൗകികമല്ല നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാകുന്നു. അന്യോന്യം ഭാഗികമായി വിഛേദിക്കുന്ന രണ്ടു വൃത്തങ്ങളായി ലോകത്തേയും സ്വർഗത്തെയും പരിഗണിക്കുമെങ്കിൽ രണ്ടു വൃത്തങ്ങൾക്കും പൊതുവായുള്ള വിഛേദനഭാഗത്താണ് ക്രിസ്തുസഭ നില്ക്കുന്നത്. ഭൂമിയിലെങ്കിലും സഭ സ്വർഗ്ഗവുമായി ഒത്തിണങ്ങി സ്ഥിതിചെയ്യുന്നു.

(തുടരും)

## എക്യുമെനിക്കൽ...

(4–ാം പേജിൽനിന്നുംതുടർച്ച)

അഭിനിവേശവുമായി ഒന്നിച്ചു പോകണം. (ഈ രണ്ടു താൽപ്പര്യങ്ങളും സംയോജിപ്പിച്ചു പ്രവർത്തിക്കാതെ, ക്രിസ്ത്യാനികൾ തങ്ങളുടെ വേദോപദേശങ്ങളെപ്പററിയുള്ള ഉപരിപ്ലവ ചർച്ചകളിൽ മുഴികിയിരിക്കുന്നുവെന്നതാണ് ഇന്ന് എക്യുമെനിസത്തിന്റെ ഏററവും വലിയ കുറവ്).

വിശ്വാസത്തിലുള്ള ഐക്യം മനുഷ്യന്റെ ഭാവിയെപ്പററിയുള്ള പ്രത്യാശയിലുള്ള ഐക്യമാണ്. ദൈവജനം മനുഷ്യോചിതമല്ലാത്ത നിഷ്ഠൂര പരിതഃസ്ഥിതികളിൽ പിടഞ്ഞു മരിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ പരിതസ്ഥിതിയിൽ ഈ പ്രശ്നത്തോടുള്ള പ്രതികരണത്തിലണ് ഐക്യം ആവശ്യമായിരിക്കുന്നത്.

ഒരാളുടെ പ്രത്യാശ മറെറാരാളുടെനിരാശയ്ക്കു വഴിതെളിക്കുന്നുവെങ്കിൽ അവിടെ സുവിശേഷം വിഭാവനം ചെയ്യുന്ന മാനുഷിക ഐക്യം സാധ്യമാവുകയില്ല.

ക്രിസ്ത്യാനികളും ക്രിസ്ത്യേതരരും മതേതരരുമായ മനുഷ്യവ്യക്തികൾ തങ്ങളുടെ വിവിധത്വം നഷ്ടപ്പെടുത്താതെ മാനവരാശിയുടെ ഐക്യത്തിനും അഭിലാഷങ്ങളുടെ നിവൃത്തിക്കുംവേണ്ടി നടത്തുന്നവയായിരിക്കണം എക്യുമെനിക്കൽ സംഭവാദങ്ങൾ.

തിന്മകൾ കൊടികുത്തി വാഴുന്ന ഈ ലോകത്തിൽ ഭാവിയെപ്പററിയുള്ള പ്രതീക

(ശേഷം 6–ാംപേജിൽ)

ലേഖനം

# കരുണയുടെ പാണികളിൽ

ത്യാഗപൂർണ്ണമായ സ്നേഹം പോലെ അത്യുദാത്തമായ മറ്റൊന്നും ഈ പ്രപഞ്ചത്തിലില്ല. തിരികെ എന്തുകിട്ടും എന്ന് അല്പംപോലും പരിഗണിക്കാതെ, നഷ്ടവും അസൗകര്യങ്ങളും വേദനകളും സഹിച്ചുകൊണ്ടും സ്നേഹം പകരാൻ കഴിയുന്നതു് ദൈവീകമാണ്. ഇമ്മാതിരി സ്നേഹത്തിൽനിന്നാണ് കരുണയുടെ ഉറവ പുറപ്പെടുന്നതു്. കരുണ തോന്നാനുള്ള മനസ്സ് മനുഷ്യനിലെ ദൈവീകാംശത്തിന്റെ പ്രകാശനങ്ങളിലൊന്നാണ്. കരുണ തോന്നേണ്ടിടത്തു് കരുണ തോന്നാത്തവൻ മൃഗതുല്യനാണ്. ജീവിതത്തിൽ കരുണ തോന്നാനും, പ്രതിഫലേച്ഛകൂടാതെ സ്നേഹിക്കാനും വേണ്ടപോലെ അവസരങ്ങൾ നമുക്കോരോരുത്തർക്കും കിട്ടുന്നുണ്ട്. അതിനൊന്നും എനിക്കവസരം കിട്ടിയില്ല എന്ന് ആർക്കും ഒരിക്കലും പറയാനിടയാകാത്ത വിധം.

ത്യാഗത്തിലൂടെ സ്വയം വെളിവാക്കി അതിൽ സന്തോഷിക്കുന്ന സ്നേഹം ദൈവത്തിൽനിന്നനുഭവിക്കുന്നു. ഈ സ്നേഹത്തിന്റെ പാഠം പഠിക്കേണ്ടവർ ദൈവത്തിങ്കലേക്കുതന്നെ നോക്കണം. കരുണ തോന്നുന്ന ഹൃദയം അവാച്യമായ ശാന്തിയും, ശാന്തതയും ഉതിർന്നു പോകാത്ത ആഹ്ലാദവും ഏറ്റു വാങ്ങുന്നു. സ്വന്തം സുഖസൗകര്യങ്ങളിൽ മാത്രം കണ്ണുംനട്ടിരിക്കുന്നവൻ എന്നും ഒരു പരാതിക്കാരനായി തുടരും. അയാൾ ഒരിക്കലും ഒന്നുകൊണ്ടും സംതൃപ്തനാവില്ല. കരുണ തോന്നാൻ അറച്ചു നിൽക്കാത്ത മനസ്സിനുള്ള നിശ്ചയമായ പ്രതിഫലമാണ് ഇളക്കാനാവാത്ത മനശ്ശാന്തി.

ദൈവം നമ്മെ ഓരോരുത്തരെയും തന്റെ കരുണയുടെ പാണികളിൽ താങ്ങി നയിക്കുന്നു എന്നതു് ആശ്വാസ സംവർദ്ധകമായ അറിവാണ്. നമ്മുടെ അർഹത കണക്കിലെടുത്തല്ല ദൈവം നമ്മോടു കരുണ കാണിക്കുന്നതു്. ദുഃഖപൂർണ്ണവും, നിസ്സഹായതാപീഡിതവുമായ മനസ്സിനു് ദൈവസന്നിധിയിൽ സമർപ്പിക്കാവുന്ന ഏറ്റം ഹൃദയസ്പർശിയായ പ്രാർത്ഥനാവാക്യം 'എന്നോടു കരുണ തോന്നേണമേ' എന്നതാണ്. അർഹതയില്ലാത്തയാളുടെ വിലാപമാണതു്; നിസ്സഹായതയുടെ നിലവിളിയും. പക്ഷെ നിസ്സഹായതയും, ദുഃഖവും നീക്കി ആശ്വാസവും, മനഃസ്ഥൈര്യവുമരുളാൻ പോകുന്നതാണീ പ്രാർത്ഥന: 'ദൈവമേ മഹാപാപിയായ എന്നോടു കരുണ കാട്ടേണമേ!'

ദൈവത്തിന്റെ കരുണ എത്ര അതിശയകരമായി, പൈതൃകമായ വാത്സല്യത്തോടും കരുതലോടും നമ്മെ ഓരോരുത്തരെയും തന്റെ വലംകൈയുടെ നിഴലിൽ സംരക്ഷിക്കുന്നു എന്നതു് നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. ഈ സംരക്ഷണമില്ലാതെ നാമാരും നിലനില്ക്കുകയില്ല. സാത്താന്റെയും; പാപത്തിന്റെയും മരണത്തിന്റെ ആധിപത്യത്തിൽനിന്നും നമ്മെ സ്വതന്ത്രരാക്കിയതു് ഈ കരുണയാണ്. അവസാനത്തിൽ, ന്യായവിധിനാളിൽ നാം നീതീകരിക്കപ്പെടേണ്ടതും തന്റെ കരുണയാൽതന്നെ. ദൈവത്തിന്റെ മഹാ കരുണയുടെയും വാത്സല്യത്തിന്റെയും മാധുര്യം നുണഞ്ഞാസ്വദിക്കുമ്പോൾതന്നെ പൂർണ്ണമായി ഏല്പിച്ചുകൊടുക്കുന്നതിനുള്ള വിശ്വാസവും ധൈര്യവും നമുക്കുണ്ടാവും. ദൈവത്തിന്റെ കരുണയുടെ മാധുര്യം ഒരിക്കലെങ്കിലും തിരിച്ചറിഞ്ഞാസ്വദിക്കാത്തവരായി ആരുമുണ്ടാവില്ല. ദൈവത്തിന്റെ കരുണയുടെ ശീതളഛായയിലല്ലാതെ നമുക്കു നിലനില്പില്ല എന്നു ഗ്രഹിക്കുമ്പോൾ നമ്മിലെ സ്വാശ്രയത്തിന്റെ കരുത്തുകുറയുന്നു. എനിക്കു നല്ലതു് ഏതെന്നു് ദൈവം അറിയുന്നു എന്ന ചിന്ത നമുക്കു് ആത്മധൈര്യമേകുകയുംചെയ്യുന്നു. ഇപ്രകാരം ദൈവകരുണയുടെ പാണികളിൽ സധൈര്യം വിശ്വാസപ്രേരിതമായി നമ്മെ സമർപ്പിക്കാൻ കഴിയുന്നതു് ഒരു ഭാഗ്യംതന്നെ. അനുഭവിച്ചറിയാതെ അതു് എന്താണെന്നു് നമുക്കു മനസ്സിലാവില്ല.

ദൈവകരുണയെക്കുറിച്ചുള്ള നിരന്തരമായ സ്മരണയും, അതിന്റെ നേരെയുള്ള നന്ദിപ്രകടനവുമാണ് മറ്റു മനുഷ്യരോടും അതോടൊപ്പം എല്ലാ ജീവജാലങ്ങളോടും കരുണകാണിക്കാൻ നമുക്കു പ്രേരണനൽകുന്നതു്. ദൈവം സൗജന്യമായി നമുക്കു നൽകുന്ന കരുണ നമ്മിൽ കെട്ടിനിർത്താതെ നമ്മിലൂടെ അന്യരിലേക്കു പ്രവഹിക്കുമ്പോഴാണ് അതിന്റെ മാധുര്യമേറുന്നതു്. യഥാർത്ഥമായി കരുണമാനസ്സനായവൻ ഏതോ വലിയ പുണ്യംചെയ്യുന്നതുപോലെയല്ല കരുണ കാണിക്കാനൊരുങ്ങുന്നതു്; മറിച്ച് അതു് തന്റെ അവകാശവും, ഹർഷദായകമായ കടമയും എന്ന വിധത്തിലാണ്.

പക്ഷെ, ദൈവം സൗജന്യമായി നമുക്കു നീട്ടിത്തരുന്ന കരുണയുടെ പാണികളെ വകവയ്ക്കാതിരിക്കുകയും, കരുണ ഏറ്റുവാങ്ങാനല്ലാതെ പകർന്നു കൊടുക്കാൻ തയ്യാറാകാതിരിക്കുകയും ചെയ്യുമ്പോൾ നാം ആ പാണികൾക്കു പതുക്കേല്പിക്കയാണ്. മരത്തിന്മേൽ ആണികളാൽ തറച്ചുറപ്പിക്കപ്പെട്ടിരിക്കുന്ന സ്നേഹരാജന്റെ പാണികൾ അതിന്റെ പ്രതീകമാണ്. ദൈവ കരുണയെ വിട്ടോടി, പൊള്ളയായ സുഖങ്ങളുടെ പിറകെ ഓടുന്നവർക്കു് ദൈവ കരുണയുടെ പാണികൾ ഒരു വെല്ലുവിളിയാണ്; തന്നെ മാത്രം ശരണം വയ്ക്കുന്നവർക്കു് രക്ഷയുടെ തുറമുഖവും.

## എക്യുമെനിക്കൽ...

(5–ാം പേജിൽനിന്നും തുടർച്ച)

ങ്ങളുടെയും അഭിലാഷങ്ങളുടെയും സാക്ഷാൽകാരത്തിനുവേണ്ടി പോരാടുമ്പോൾ ഭിന്നിപ്പു ധാരാളമായികാണും. ഇവിടെയാണ് ഐക്യം കൈവരേണ്ടതു്. മനുഷ്യസമൂഹത്തിന്റെ ഈ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കാനാണു സുവിശേഷം എക്യുമെനിക്കൽ പ്രസ്ഥാനത്തെ വെല്ലുവിളിക്കുന്നതു്.

## ഫാ: ജേക്കബ് മണ്ണാറപ്രായിൽ ഭദ്രാസന സെക്രട്ടറി

അങ്കമാലി: ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ അങ്കമാലി ഭദ്രാസനപള്ളി പ്രതിപുരുഷ യോഗം ആലുവാ തൃക്കുന്നത്തു സെമിനാരി മാനേജർ ഫാ: ജേക്കബ് മണ്ണാറപ്രായെ ഭദ്രാസന സെക്രട്ടറിയായി വീണ്ടും തിരഞ്ഞെടുത്തു.

മലങ്കരസഭാ വർക്കിംഗ് കമ്മററി; മാനേജിംഗ് കമ്മററി, സഭവക കോളജുകളുടെ ഗവേർണിംഗ് ബോർഡു് കോലഞ്ചേരി മെഡിക്കൽ മിഷ്യൻ ഗവേണിംഗ് ബോർഡു് എന്നിവയിൽ അംഗമായ ഫാ: മണ്ണാറപ്രായിൽ കേരളാ ബൈബിൾ സൊസൈററിയുടെ ഡയറക്ടറായും, 'സഭാചന്ദ്രിക'യുടെ ചീഫ് എഡിററായും പ്രവർത്തിച്ചുവരുന്നു. തൃക്കുന്നത്തു് സെമിനാരിപ്പള്ളി വികാരികൂടിയാണ് ഇദ്ദേഹം.

## സോഷ്യലിസവും ക്രിസ്തുമതവും:

(1-ാം പേജിൽനിന്നും തുടർച്ച)

കളെ സംബന്ധിച്ചുള്ള ഒരു പുതിയ നിയമവും സർക്കാർ തയ്യാറാക്കിവരുന്നുണ്ട്.

പള്ളിയും രാഷ്ട്രവും നിയമപരമായിത്തന്നെ തമ്മിൽ വേർപെടുത്തപ്പെട്ടതാണെങ്കിലും പള്ളി ഇതിനകം സോഷ്യലിസ്റ്റ് രാഷ്ട്രവുമായി പൊരുത്തപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ നമ്മൾ കാണുന്നതു് രാഷ്ട്രവും പള്ളിയും തമ്മിലുള്ള പുനരനുരഞ്ജന പ്രക്രിയയാണ്. ഭാവിയിൽ ചിലപ്പോൾ തെററിദ്ധാരണകളും സംഘട്ടനങ്ങളും ഉണ്ടായേക്കാം. അത് അനിവാര്യമാണ്. പക്ഷെ നമ്മുടെ സമുദായം പൊതുവിൽ വിശ്വാസികളായ പൗരന്മാരുടെ കഴിവിനെ വിലമതിക്കാൻ തുടങ്ങിയിരിക്കുന്നു. രാഷ്ട്രത്തിനും പള്ളിക്കും സഹവർത്തിക്കാൻ കഴിയും. പ്രത്യയശാസ്ത്ര തർക്കം സ്വാഭാവികമായും തുടരുകയും ചെയ്യും.

(സോവിയററ് വിശേഷങ്ങൾ)

# എന്റെ പാറയും എന്റെ കോട്ടയും

യരുശലേമിനെ പർവ്വതങ്ങൾ ചുററുതിലുകൾപോലെ സംരക്ഷിക്കുന്നു. യഹോവ തന്റെ ഭക്തന്മാരെയും കുലുങ്ങാതെ എന്നേക്കും ഉറച്ചു നിൽക്കുന്ന സീയോൻ പർവ്വതംപോലെ അവർ സ്ഥിരമാനസരായിരിക്കും. സാഹചര്യങ്ങൾ വരുത്തുന്ന വ്യതിയാനങ്ങളും, സ്ഥിതിഭേദങ്ങളും, ലാഭനഷ്ടങ്ങളും, ദുഷ്ക്കീർത്തി സൽകീർത്തികളും ഒന്നും അവരെ ചഞ്ചലരാക്കുകയില്ല. മറിഞ്ഞു മായുന്ന ഇവയുടെ അസ്ഥിരതയെപ്പററി നല്ലവണ്ണം അവർക്കറിയാം. നശ്വരമായവയുടെ ആകർഷണീയത ഉദാത്തമായ കാവ്യഭംഗിക്കു ഹേതുവാകാം. പക്ഷെ അനശ്വരമായതിന്റെ ഭംഗി നിഗൂഢമാണെങ്കിൽപോലും സ്ഥിരപ്രജ്ഞർ അതിനെയാണഭിലഷിക്കുക.

അപ്രതീക്ഷിതമായ നഷ്ടവും വിരഹവും മനുഷ്യമനസ്സിനേല്പിക്കുന്ന ആഘാതം വളരെ വലുതാണ്. പക്ഷെ അവയൊന്നുമല്ല ജീവിതത്തിന്റെ ഗുണമേന്മയുടെ മാപിനിയെന്നറിയാൻ സാധനതന്നെവേണം. നമ്മുടെ സ്നേഹിതന്മാർക്ക് വിരഹദുഃഖമോ, നഷ്ടമോ, നേരിടുമ്പോൾ അവരെ ആശ്വസിപ്പിക്കാൻ നാം ശ്രമിക്കും. 'ദൈവയിഷ്ടമാണെന്നു കരുതി' സമാധാനിയ്ക്കാൻ നാം അവരെ ഉപദേശിക്കും. പക്ഷെ, അതുപോലെയുള്ള വിഷമഘട്ടങ്ങൾ നേരിടുമ്പോൾ അതേ ആശ്വാസരാഹിത്യംതന്നെ നാമും അനുഭവിക്കുന്നതായി കാണാം, 'പലർക്കും ആശ്വാസം പകരുന്ന നിങ്ങൾ ഇങ്ങനെ ചഞ്ചലചിത്തനായാലോ?' എന്ന ചോദ്യമാണ് നിസ്സഹായതാബോധത്തിൽനിന്നും നമ്മെ ഉണർത്തുന്നതു്. എല്ലാം ദൈവത്തിന്റെ അനന്തമായ ചിന്താധാരയിലും പദ്ധതിയിലുംപെട്ട കാര്യങ്ങൾതന്നെയെന്നുറച്ചാൽപിന്നെ നാം അധികം ഭീരുക്കളോ നിരാശാ ദരിതരോ ആകാൻ വഴിയില്ല.

എത്ര ശ്രമിച്ചിട്ടും ചില സംഗതികളെയും ആളുകളെയും 'നേരെയാക്കാൻ' ശ്രമിച്ചു പരാജയപ്പെടുമ്പോൾ നാം ഭഗ്നാശരാകാറില്ലേ? ചിലതെല്ലാം നഷ്ടപ്പെട്ടു കഴിഞ്ഞാൽ ആ നഷ്ടബോധം നിഴൽപോലെ പിന്തുടർന്നു് ഒരു വിങ്ങലായി, വിതുമ്പലായി നിലനില്ക്കുന്നില്ലേ? 'ഞാൻ ആർക്കും ഒരു ദോഷവും ചെയ്തിട്ടില്ല, പിന്നെന്തേ എനിക്കെന്തേ ഇങ്ങനെ വേദിക്കാൻ' എന്നു വിലപിക്കുന്നവരില്ലേ? അല്പം ക്ലേശകരമായ ഒരു രോഗം വന്നാൽ 'എല്ലാം തീരാൻ പോകുകയാണ്, എനിക്കിങ്ങനെ വന്നല്ലോ' എന്നു കേഴുന്നവരില്ലേ? ദൈവം ഇത്ര കഠിന ഹൃദയനോ, എന്തിനു് ഈ ദുരിതങ്ങൾ എനിക്കുമാത്രം നൽകി എന്നു പരാതിപ്പെടുന്നവരില്ലേ?

പഴയനിയമത്തിലെ 'വിലാപങ്ങളുടെ' കർത്താവു് ഇങ്ങനെയുള്ളവരെപ്പററി പിലപിക്കാതെ എല്ലാം സർവ്വശക്തന്റെ തൃക്കൈ വിലസുന്ന അനന്തമേഖലയ്ക്കുള്ളിലായി കാണാൻ ബദ്ധപ്പെടുന്നു. കർത്താവു് കല്പിക്കാതെയും അവിടുത്തെ അറിവുകൂടാതെയും ഒന്നും സംഭവിക്കുന്നില്ല എന്നതാണ് അദ്ദേഹത്തിനു ലഭിച്ചിരിക്കുന്ന ദർശനം. വെറുതെ 'നെടുവീർപ്പിടാതെ' തന്നെത്താൻ ശോധന കഴിക്കയും കൈകളെയും ഹൃദയത്തെയും യഹോവയുടെ സന്നിധിയിലേക്കുയർത്തുകയും ചെയ്യണം എന്നാണ് അദ്ദേഹം നിർദ്ദേശിക്കുന്നതു്. എന്തും സംഭവിക്കട്ടെ. അവയൊന്നും ദൈവം അറിയാതെയല്ല. അവ മിക്കപ്പോഴും നമ്മുടെ നിയന്ത്രണത്തിലല്ല. അതാണല്ലോ നമ്മുടെ ദുഃഖകാരണവും.

ഇന്നത്തെ ഉയർച്ചയിൽ അഹങ്കരിക്കാൻ നമുക്കു് അവകാശമില്ല. ഇന്നത്തെ താഴ്ചയിൽ നാം സങ്കടപ്പെട്ടു് നിസ്സഹായരാവുകയും വേണ്ടതില്ല. ജീവിതം ഇവ രണ്ടിനേക്കാളും വിലയുള്ളതും ഉയന്നതുമാണ്. ജീവനും ജീവിതവും നൽകിയ ദൈവം തയ്യാറാക്കുന്ന പദ്ധതി മാത്രമെ നമുക്കു വിജയത്തിനായി ഭവിക്കൂ! അസാദ്ധ്യകാര്യങ്ങൾക്കു പ്രാപ്തനായ ദൈവം തന്റെ അനന്തമായ പദ്ധതിയുടെ ചുരുളഴിക്കുമ്പോൾ അതിൽ സ്വാത്മനാ പങ്കാളികളാവാൻ കഴിഞ്ഞാൽ നാം ജയിച്ചു. അതുമായി ഇടഞ്ഞു് സ്വന്തം പദ്ധതിയുണ്ടാക്കാനുള്ള പാഴ്ശ്രമം പരാജയമേ വരുത്തൂ. ഇന്നു് നമുക്കു് പലതും മനസ്സിലാകുന്നില്ല. നമ്മുടെ പല ചോദ്യങ്ങളും മറുപടിയില്ലാതെ ആവർത്തിക്കപ്പെടുന്നു. ഒന്നു മാത്രമെ നമുക്കു് ആശ്വാസം നൽകാനുതകുകയുള്ളു. ദൈവം നൽകുന്ന ഏതനുഭവവും സ്വീകരിപ്പാൻ മടിക്കാതിരിക്കുക. സന്തോഷത്തിലും ദുഃഖത്തിലും മനസ്സു പതറി, മരവിച്ചുപോകാൻ അനുവദിക്കാതിരിക്കുക. ദുഃഖത്തിന്റെ പാനപാത്രം കിട്ടിയാൽ സന്തോഷത്തോടെ വാങ്ങാൻ നമുക്കാകുമോ?

Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K. P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor: Fr. C. A. Issac, Office Address: Malankara Orthodox Herald, Devalokam Kottayam-686 038